സ്വകാര്യ പ്രചരണത്തിനു മാത്രം
വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
ECHOES India
ONE WORLD ONE HUMANITY

## ചെന്നൈയിലെ പൊങ്കൽ





പൊങ്കൽ ഉത്സവവേളയിൽ ധാരാളം അഭ്യാസികൾ മണപ്പാക്കം സന്ദർശിച്ചു. ഇന്ത്യയിൽ നിന്നും വിദേശങ്ങളിൽ നിന്നുമുള്ള കുറെ അഭ്യാസികളുടെ വിവാഹങ്ങൾക്ക് മാസ്റ്റർ കാർമികത്വം വഹിച്ചിരുന്നു. മണപ്പാക്കം ആശ്രമത്തിലും നട്രാമ്പള്ളി ആശ്രമത്തിലും നടത്തപ്പെട്ട പരിശീലനപരിപാടിയിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റുകളും മാസ്റ്റർ സമ്മാനിച്ചു. അഭ്യാസിയും തമിഴിലെ അറിയപ്പെടുന്ന ചലച്ചിത്ര സംവിധായകനുമായ ശ്രീ ലിംഗുസാമിയും സംഘവും ആശ്രമത്തിലും പരിസരങ്ങളിലുമായി മാസ്റ്ററുടെ ചിത്രങ്ങൾ എടുക്കുന്നുണ്ടായിരുന്നു. ബാബുജി മണ്ഡപത്തിനരികിൽ അഭ്യാസികളുമായി സംസാരിച്ചിരിക്കുകയായിരുന്ന മാസ്റ്ററുടെ ചില രംഗങ്ങളും അവർ പകർത്തി.

ജനുവരി 13 നു മാസ്റ്റർ വർക്കിംഗ് കമ്മിറ്റിയുടെ ഒരു മീറ്റിംഗ് നടത്തി. മിഷന്റെ ജോലികൾ ഏറ്റെടുക്കുവാൻ അനുയോജ്യരായ ആളുകളെകണ്ടെത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി അദ്ദേഹം ഒരു അനൗദ്യോദിക സംഭാഷണത്തിനിടയിൽ സൂചിപ്പിച്ചു. അദ്ദേഹം ഇങ്ങനെ പറഞ്ഞു, "ബാബുജി എന്നോട് പറഞ്ഞിട്ടുണ്ട്, 'സത്സ്വഭാവവും വിദ്യാഭ്യാസവുമുള്ളവരെയുമാ യിരിക്കണം തിരഞ്ഞെടുക്കേണ്ടത്, അവർക്ക് വേണ്ട കഴിവുകൾ ഞാൻ നൽകും.'"

ജനുവരി പതിനഞ്ചിന് മണപ്പാക്കം ആശ്രമത്തിൽ ഏകദേശം 4500ഓളം അഭ്യാസികളും 500ലധികം കുട്ടികളും സന്നിഹിതരായിരുന്നു. രാവിലെ മാസ്റ്റർ സത്സംഗം നടത്തി. അതിനു ശേഷം സഹോ. ചക്രപാണി മാസ്റ്ററോടുള്ള തന്റെ സ്നേഹം വെളിവാക്കുന്ന മനോഹരമായ ഒരു പ്രഭാഷണം നടത്തി. അദ്ദേഹം പഴയ തമിഴ് സിനിമാ ഗാനങ്ങൾ ഉദ്ധരിക്കുകയും അവയെ മാസ്റ്ററോടും ആത്മീയതയോടും ബന്ധപ്പെടുത്തുകയും ചെയ്തു.

പതിനാറാം തീയ്യതിയായിരുന്നു മാട്ടുപ്പൊങ്കൽ. കർഷകർ തങ്ങളുടെ കന്നുകാലി സമ്പത്തിനെ കൊണ്ടാടുന്ന ദിവസമാണ് മാട്ടുപ്പൊങ്കൽ. അന്നേ ദിവസം മാസ്റ്റർ ആശ്രമത്തിലെ കന്നുകാലികളെ ആശീർവദിക്കാൻ ഗോശാലയിലെത്തി.

മാസ്റ്റർ ഈ ദിവസങ്ങളിൽ ദുബായ് പര്യടനത്തിനുള്ള ഒരുക്കങ്ങൾ നടത്തുകയായിരുന്നു. ദീർഘകാലത്തിനു ശേഷമാണ് അദ്ദേഹം വിദേശയാത്ര നടത്തുന്നത്. ജനുവരി 19ന് രാവിലെ അദ്ദേഹം ദുബായിലേക്ക് യാത്ര തിരിച്ചു.





## ദുബായ്

### എസ് എം എസ് എഫ് ധ്യാനമന്ദിരോദ്ഘാടനം – 2011 ജനുവരി 21

മധ്യകിഴക്കേഷ്യയിലെ എസ്എംഎസ്എഫിന്റെ ചരിത്രത്തിൽ ഒരു പുതിയ പന്ഥാവ് വെട്ടിത്തുറന്ന സംഭവമായിരുന്നു ഇത്. വർഷങ്ങൾക്ക് മുൻപ് 1944ൽ ഈ(മധ്യകിഴക്കേഷ്യ) പ്രദേശത്ത് എപ്പോഴെങ്കിലും ഒരു ധ്യാനകേന്ദ്രം നിലവിൽ വരുമോ എന്ന ചോദ്യത്തിന് മാസ്റ്റർ നൽകിയ ഉത്തരം ഇങ്ങനെയായിരുന്നു, "ഇവിടെയുള്ള എല്ലാവരും തന്നെ അതിനായി ധ്യാനിക്കുകയും നന്നായി പ്രവർത്തിക്കുകയും ചെയ്താൽ മാത്രം അദ്ദേഹത്തിന്റെ കൃപയാൽ അത് സാധ്യമാവും". 1500ഓളം അഭ്യാസികളും നൂറോളം പ്രിസപ്റ്റർമാരും അടങ്ങുന്ന സഹജമാർഗ്ഗകുടുംബം മധ്യകിഴക്കേഷ്യയിൽ പടുത്തുയർത്താൻ സഹായിച്ചത് കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായ് മാസ്റ്റർ നൽകിയ അക്ഷീണമായ ശ്രദ്ധയും നിരന്തരമായ സന്ദർശനങ്ങളും സ്നേഹവും വഴികാട്ടലും ഒന്നുകൊണ്ട് മാത്രമാണ്.

2011 ജനുവരി 19ന് എല്ലാവരും മാസ്റ്ററെ ഹൃദയപൂർവ്വം സ്വാഗതം ചെയ്തു. അദ്ദേഹത്തെ സ്വീകരിക്കാൻ എത്തിയവർക്കെല്ലാം, ഉച്ചഭക്ഷണ സമയമായിരുന്നിട്ട് കൂടി, സത്സംഗം നടത്താൻ മാസ്റ്റർ തീരുമാനിച്ചു. ഇരുപതാം തീയ്യതി മാസ്റ്റർ ഇറാനിയൻ ക്ലബ്ബിലെ അവസാന സത്സംഗം നടത്തി. ആ പ്രദേശത്തെ ആദ്യസമ്മേളനം 6 വർഷങ്ങൾക്ക് മുൻപ് അവിടെ വെച്ചാണ് നടത്തിയതെന്ന് അദ്ദേഹം ഓർമിച്ചു. കഴിഞ്ഞകാലങ്ങളിൽ നൽകിയ സഹായങ്ങൾക്കുള്ള നന്ദിസൂചകമായി ഒരു സ്മരണിക അദ്ദേഹം ഇറാനിയൻ ക്ലബ്ബ് ഭാരവാഹികൾക്ക് സമ്മാനിച്ചു.

ന്യൂദുബായിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്ന ജുമയ്റ ലേയ്ക്ക് ടവറിൽ സ്ഥിതി ചെയ്യുന്ന ആശ്രമസെൻറർ ഉദ്ഘാടനം ചെയ്യാൻ മാസ്റ്റർ 21ന് എത്തിച്ചേർന്നു. ആശ്രമകമ്മിറ്റിയംഗങ്ങളും യുഎഇ പ്രിസപ്റ്റർമാരും ചേർന്ന് മാസ്റ്ററെ സ്വീകരിച്ചു. ബാബുജി മഹാരാജിന്റെ സ്മരണയ്ക്കായ് അദ്ദേഹത്തിന്റെ ഒരു ചെറുപ്രതിമ അനാച്ഛാദനം ചെയ്തുകൊണ്ട് മാസ്റ്റർ ധ്യാനമന്ദിരം ഉദ്ഘാടനം ചെയ്തു.

വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക




നാട മുറിച്ചതിനു ശേഷം തിരശ്ശീലയാൽ മറക്കപ്പെട്ട മനോഹരമായ ഒരു പശ്ചാത്തല ദൃശ്യത്തെ മാസ്റ്റർ അനാവരണം ചെയ്തു. നിരവധി സ്ക്രീനുകളിലായി സംപ്രേക്ഷണം ചെയ്ത ഈ രംഗങ്ങൾ ടെറസ്സിൽ ക്ഷമയോടെ കാത്തിരുന്ന ഏകദേശം 1100 അഭ്യാസികൾ തത്സമയം വീക്ഷിച്ചു. മാസ്റ്റർ പിന്നീട് സെൻററിൻെറ ചുമരുകളിൽ അലങ്കരിച്ചിരുന്ന സഹജമാർഗ്ഗ ഗുരുക്കന്മാരുടെ വചനങ്ങളിലൂടെ കണ്ണോടിച്ചു.

ഇപ്പോൾ നടന്ന സത്സംഗത്തിനെപ്പറ്റി പലതും പറയാനാകുമെന്ന് സത്സംഗത്തിന് ശേഷം മാസ്റ്റർ അഭിപ്രായപ്പെട്ടു. ഈ സന്തോഷവേളയുടെ ഓർമ്മക്കായ് ഈ മേഖലയിലേക്കുള്ള തൻെറ സന്ദർശനങ്ങളുടെ ചിത്രങ്ങളടങ്ങിയ ഒരു സുവനീറും, താൻ ഇവിടെ നടത്തിയ പ്രഭാഷണങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവയടങ്ങിയ ഒരു ഡി വി ഡി യും അദ്ദേഹം പ്രകാശനം ചെയ്തു.

തൻെറ താമസക്കാലത്തുടനീളം മാസ്റ്റർ പാകിസ്താൻ, കുവൈത്ത്, ബഹ്റൈൻ, ഒമാൻ, ഇറാൻ, സൗദി, അൾജീരിയ, ടുണീഷ്യ, ഈജിപ്ത് എന്നിവിടങ്ങളിൽ നിന്നുമുള്ള അഭ്യാസികളുടെ ദചറു സംഘങ്ങളുമൊത്ത് കൂടിക്കാഴ്ച്ച നടത്തി. തൻെറ സ്വഭാവികമായ, നർമ്മം നിറഞ്ഞതും എന്നാൽ ഗൗരവമുള്ളതുമായ പല നിർദ്ദേശങ്ങളും പ്രചോദനങ്ങളും നൽകിക്കൊണ്ട് അവരെയെല്ലാം തന്നിലേക്കടുപ്പിച്ചു. ഇരുപത് അഭ്യാസികളടങ്ങിയ പാകിസ്താനിൽനിന്നുമുള്ള സംഘത്തോടൊപ്പം അദ്ദേഹം ധാരാളം സമയം ചിലവിട്ടു. പലർക്കുമിത് അദ്ദേഹത്തിൻെറ സാമീപ്യത്തിലിരിക്കുവാനുള്ള ആദ്യത്തെ അവസരമായിരുന്നു.

ചില ദിവസങ്ങളിൽ അദ്ദേഹം ചില അഭ്യാസികളുടെ ഭവനങ്ങളിൽ സന്ദർശനം നടത്തും, ചിലപ്പോൾ ഒരു സിറ്റിംഗ്, മറ്റ് ചിലപ്പോൾ ആധ്യാത്മിക വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങളോ അല്ലെങ്കിൽ പഴയകാര്യങ്ങളുടെ ഓർമ്മപുതുക്കലോ അദ്ദേഹം നടത്തും – ഇവയെല്ലാം തന്നെ അവരുടെ ആന്തരിക ആധ്യാത്മിക പ്രവർത്തനങ്ങളെ ഉത്തേജിപ്പിക്കുന്നവയായിരുന്നു. അവിടത്തെ കമ്പോളങ്ങളിലേക്ക് പോകുവാനും അദ്ദേഹം സമയം കണ്ടെത്തി. അദ്ദേഹത്തിനുമാത്രം സാധ്യമാവുന്നരീതിയിൽ അവിടത്തെ അന്തരീക്ഷത്തെയും ജനങ്ങളെയും സ്പർശിക്കാൻ അദ്ദേഹത്തിൻെറ സാനിധ്യത്തിനായി.






മാനവ ഐക്യത്തിനായുള്ള എസ്.എം.എസ്.എഫ്–ഇൻെറ ഈ പുതിയ ധ്യാനകേന്ദ്രം ജാതി, മത, സാമ്പത്തിക ഭേദമന്യേ എല്ലാവരാലും ഉപയോഗിക്കപ്പെടേണ്ട ഒന്നാണ്. മാസ്റ്റർ നമ്മെ ഓർമ്മപ്പെടുത്തുന്നത് പോലെ മനുഷ്യ ശാന്തിക്കും ഭാവി തലമുറകളുടെ മൈത്രിക്കും ഒരു സുപ്രധാന സ്ഥാനമാണിത്.

മാസ്റ്ററുടെ ചില മൊഴിമുത്തുകൾ

- ബാബുജി പറയാറുണ്ട്, “ഒരു കാര്യവും നാം കരുതുന്നത് പോലെ എളുപ്പമുള്ളതല്ല, അവ നാം കരുതും പോലെ കഠിനവുമല്ല”.
- ഒരു സഹോദരി മാസ്റ്ററോട് വന്ന് പറഞ്ഞു, “എനിക്ക് അങ്ങയുടെ സഹായം ആവശ്യമുണ്ട്”. അതിന് മാസ്റ്റർ ഇങ്ങനെ മറുപടി നൽകി, “നമുക്കെല്ലാവർക്കും സഹായം ആവശ്യമാണ്, ഞാൻ നിങ്ങളെ സഹായിക്കുന്നു, നിങ്ങളും എന്നെ സഹായിക്കേണ്ടിയിരിക്കുന്നു. ഞാനും നിങ്ങളെ സഹായിക്കേണ്ടിയിരിക്കുന്നു. അങ്ങനെ നാം ഒരുമിച്ച് പോകുന്നു. ഞാൻ തമാശ പറയുകയല്ല, ഞാൻ ചിരിക്കും, പക്ഷെ തമാശ പറയുകയില്ല. ഞാൻ കാര്യമായി തന്നെ പറയുകയാണ്. ഞാൻ എൻെറ സഹായം വാഗ്ദാനം ചെയ്യുന്നു. അത് പോലെ നിങ്ങളും നിങ്ങളുടെ സഹായം എനിക്ക് നൽകണം.”
- നമ്മുടെ സെമിനാറുകൾ പഠനാത്മകമാകരുത്. അവ പ്രചോദനമേകുന്നവയായിരിക്കണം.
- ഈ പ്രദേശത്തെ ജങ്ങങ്ങളുടെ ജീവിത രീതിയെക്കുറിച്ച് സംസാരിക്കവെ അദ്ദേഹം ഇങ്ങനെ പറഞ്ഞു, “മാറ്റം വരുന്നുണ്ട്, പതുക്കെയാണെങ്കിലും തീർച്ചയായും അത് വരുന്നുണ്ട്. അതിന് വേണ്ടത് ക്ഷമയും പ്രാർത്ഥനയുമാണ്.

## മാസ്റ്ററുടെ ഉത്തരേന്ത്യൻ സന്ദർശനം

### 2011 ജനുവരി 28 മുതൽ ഫെബ്രുവരി 13 വരെ

പത്ത് ദിവസത്തെ ദുബായ് (യു.എ.ഇ) സന്ദർശനത്തിന് ശേഷം മാസ്റ്റർ ജനുവരി 28–ന ദില്ലിയിലെത്തി. 29–ന അദ്ദേഹം രണ്ട് സത്സംഗങ്ങൾ



വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



രുദ്രാപൂർ

നടത്തി. പിന്നീട് 30-ാം തിയ്യതി ഗുർഗാവ് ആശ്രമത്തിലേക്ക് പോയ അദ്ദേഹം അവിടെ ഞായറാഴ്ചത്തെ സത്സംഗം നടത്തി. അതിന് ശേഷം പുതിയതായി സ്ഥാപിച്ച ദ്രോണാചാര്യരുടെ പ്രതിമ അദ്ദേഹം അനാഛാദനം ചെയ്തു. ഉച്ചഭക്ഷണത്തിനു ശേഷം അദ്ദേഹം കോട്ടേജിനു പുറത്തേക്ക് വന്നു. ഫെബ്രുവരി 1-ാം തീയതി രണ്ടു വിവാഹങ്ങൾക്ക് കാർമ്മികത്വം വഹിച്ച ശേഷം അദ്ദേഹം രുദ്രാപ്പൂരിലേക്ക് റോഡ് വഴി യാത്ര തിരിച്ചു.

## പൂജ്യലാലാജി മഹാരാജിൻെറ ജന്മദിനാഘോഷം – രുദ്രാപൂരിൽ

രാവിലെ 7.30നു മാസ്റ്റർ തൻെറ കോട്ടേജിൽ വെച്ച് സത്സംഗം നടത്തി. അവിടെ സന്നിഹിതരായവർക്കെല്ലാം തന്നെ കിടയറ്റ നിമിഷങ്ങളായിരുന്നു ആ സത്സംഗം സമ്മാനിച്ചത്. ആദിഗുരു ലാലാജി മഹാരാജിൻെറ ജന്മദിനാഘോഷങ്ങൾക്കായി ഏകദേശം 200 അഭ്യാസികൾ വന്നു ചേർന്നിരുന്നു. മാസ്റ്റർ ഉത്സാഹവാനായിരുന്നു. അതുപോലെ തന്നെയായിരുന്നു അദ്ദേഹത്തെ സന്ദർശിക്കാനെത്തിയ അഭ്യാസികളും. വൈകുന്നേരം 5 മണിക്ക് മാസ്റ്റർ സത്സംഗം നടത്തി. അതിനു ശേഷം സഹോ.ഗുർപ്രീത് സിങ്ങിൻെറ ഭക്തിഗാനാലാപനമുണ്ടായിരുന്നു. മാസ്റ്റർക്ക് സന്തോഷമേകിക്കൊണ്ട് "ആഫ്ത്താബേ മാർഫാത്" ഓടെ സമാപിച്ചു. സത്കോലിലുള്ള ഹിമാലയ ആശ്രമത്തിലേക്കുള്ള യാത്രയ്ക്കു മുൻപ് രുദ്രാപൂരിൽ അദ്ദേഹത്തിന് നല്ലൊരു വിശ്രമവാസമാണ് ലഭിച്ചത്.

## മാസ്റ്റർ നൗകുചിയത്താലിൽ

ഫെബ്രുവരി 4നു മാസ്റ്റർ നൗകുചിയത്താലിലേക്ക് പോയി. അവിടെയുള്ള അദ്ദേഹത്തിൻെറ ഓഫീസ് പുനരുദ്ധീകരിച്ചിരുന്നു. അവിടെ വരുത്തിയ മാറ്റങ്ങൾ അദ്ദേഹത്തിനിഷ്ടപ്പെട്ടു. തൻെറ താമസം ഒരു ദിവസത്തേക്ക് കൂടി നീട്ടുന്നതായി അദ്ദേഹം അറിയിച്ചു. കാലത്തും വൈകുന്നേരവും തൻെറ ഓഫീസിലിരുന്ന് അദ്ദേഹം സത്സംഗം നടത്തി. 200 ഓളം അഭ്യാസികൾ ബാൽക്കണിയിലും മുറികളിലുമായി അച്ചടക്കത്തോടെ അതിൽ പങ്കെടുത്തു. ഒരനൗപചാരിക സംഭാഷണവേളയിൽ സുഖദുഖങ്ങളെക്കുറിച്ച് സംസാരിച്ച അദ്ദേഹം സുഖങ്ങളെങ്ങനെ ഒരുവനെ ദുർബലനാക്കുന്നതെന്നും ദുഖങ്ങളെങ്ങനെ അവനെ ശക്തനാക്കുന്നതെന്നും വിശദീകരിച്ചു. നമ്മുടെ ഹൃദയം പരിശുദ്ധമാണെങ്കിൽ സാധനയുടെ ആവശ്യമെന്താണെന്ന് ഒരു സന്ദർശകൻ ചോദിച്ചു. പരിശുദ്ധമായ ഒരു ഹൃദയം മാത്രം മതിയാവില്ലെന്ന് മാസ്റ്റർ മറുപടി പറഞ്ഞു. അത് (പരിശുദ്ധഹൃദയം) അടിസ്ഥാന ഘടകമാണ്. പരിശുദ്ധഹൃദയത്തിൽ നാം ദൈവികത നിറയ്ക്കണം. ഞായറാഴ്ചത്തെ സത്സംഗം നടത്തിയ ശേഷം മാസ്റ്റർ



നൗകുചിയാതാൽ

സത്ക്കോലിലേക്ക് പുറപ്പെട്ടു.

## ബസന്ത് പഞ്ചമിക്കായി സത്ക്കോലിൽ

ശോച്യാവസ്ഥയിലുള്ള റോഡുകളിലൂടെയുള്ള ക്ലേശകരമായ യാത്രയ്ക്കൊടുവിൽ ഫെബ്രുവരി 6ന് കാലത്ത് 11 മണിയോടെ മാസ്റ്റർ സത്ക്കോലിൽ എത്തിച്ചേർന്നു. അനുമതിയില്ലാതെ അവിടെ വന്നു ചേർന്നിരുന്നവരോട് ഉച്ചഭക്ഷണത്തിനു ശേഷം മടങ്ങിപ്പോകുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. 7ന് കാലത്ത് 9 മണിക്ക് അദ്ദേഹം സത്സംഗം നടത്തി. തുടർന്ന് അദ്ദേഹം 2 വിവാഹങ്ങൾ നടത്തുകയും വായനശാലയുടെയും സമ്മേളനമുറിയുടെയും ഉദ്ഘാടനം നടത്തുകയും ചെയ്തു. ഈ സന്ദർശന വേളയിൽതന്നെ ഒരു സെമിനാർ സംഘടിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

ബസന്ത് പഞ്ചമി ദിനത്തിലെ സത്സംഗം മാസ്റ്റർ 8ന് രാവിലെ 9 മണിക്ക് നടത്തി. കുറച്ച് വർഷങ്ങളായ് അദ്ദേഹം സത്ക്കോലിലാണ് ബസന്ത്പഞ്ചമി മുടങ്ങാതെ ആഘോഷിച്ച് പോരുന്നത്. സത്സംഗത്തിനു ശേഷം വളരെ ക്ഷീണിതനായിരുന്നെങ്കിലും മിഷൻെറ പുതിയ പ്രസിദ്ധീകരണങ്ങളുടെ പ്രകാശനം മുഴുവൻ കഴിയുന്നതുവരെ അദ്ദേഹം കാത്തിരുന്നു. അതിനു ശേഷം മാനേജ്മൻറ് സിദ്ധാന്തങ്ങളെക്കുറിച്ച് അതിൽ വിദഗ്ധനായ ഒരഭ്യാസി നടത്തിയ സെമിനാർ മാസ്റ്റർ വീക്ഷിച്ചു. അദ്ദേഹം അത് വളരെയധികം ആസ്വദിച്ചു. ഇത് അദ്ദേഹത്തെ ഉന്മേഷവാനാക്കുകയും ചെയ്തു. അതിനു ശേഷം അദ്ദേഹം ദേവതാരു വൃക്ഷങ്ങളുടെ വളർച്ച നിരീക്ഷിച്ചു കൊണ്ട് തൻെറ ഓഫിസിലേയ്ക്ക് പോയി. പിന്നീടദ്ദേഹം എല്ലാവരുമൊത്ത് തൻെറ ഓഫിസിൻെറ മുൻപിൽ വെച്ച് ഉച്ചഭക്ഷണം കഴിച്ചു.

## ഹൽദ്വാനിയിലെ പുതിയ ആശ്രമത്തിൻെറ ഉദ്ഘാടനം

ഫെബ്രുവരി 9ന് മാസ്റ്റർ രുദ്രാപൂരിലേക്ക് പോയി. പുതിയതായി നിർമ്മിച്ച ആശ്രമത്തിൻെറ ഉദ്ഘാടനം നിർവ്വഹിക്കുവാനായി 11ന് കാലത്ത് മാസ്റ്റർ ഹൽദ്വാനിയിലേക്ക് പോയി. ആശ്രമത്തിലേക്കു നീളുന്ന റോഡുകൾ പതാകകളാൽ(തദ്ദേശീയ രീതിയിലുള്ള അലങ്കാരവസ്തുക്കൾ) അലങ്കരിച്ചിരുന്നു. ഉദ്ഘാടനശില അനാച്ഛാദനം




സത്കോൽ





വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®

# എക്രോസ് ഇന്ത്യ വാർത്താപത്രിക




ചെയ്തുകൊണ്ട് മാസ്റ്റർ ആശ്രമോദ്ഘാടനം നിർവ്വഹിച്ചു.

തദ്ദേശവാസികളായ സഹോദരിമാർ പരമ്പരാഗത രീതിയിലുള്ള വർണ്ണാഭമായ വസ്ത്രങ്ങളണിഞ്ഞ് ഗീതമാലപിച്ചു. തുടർന്ന് മാസ്റ്റർ പ്രസാദം ബാബുജി മഹാരാജിന് സമർപ്പിച്ചു. അടുക്കളയിൽ തീ കൊളുത്തിയതിനുശേഷം സ്റ്റേജായി മാറ്റിയ ബാൽക്കണിയിലേക്ക് അദ്ദേഹം ചെന്നു. 1200–ഓളം വരുന്ന അഭ്യാസികൾക്കായി അവിടെയിരുന്നു അദ്ദേഹം സത്സംഗം നടത്തി. തുടർന്നു നൽകിയ പ്രഭാഷണത്തിൽ ആശ്രമങ്ങൾ ആദ്ധ്യാത്മിക പുരോഗതിക്കു മാത്രമായി ഉപയോഗപ്പെടുത്തണമെന്ന് പറഞ്ഞു. വെയിലായിരുന്നെങ്കിലും അദ്ദേഹം അഭ്യാസികളോടൊത്ത് ധ്യാനസമയത്തുള്ള അനുഭവങ്ങൾ പങ്കിട്ടു. ഉച്ച ഭക്ഷണത്തിനുശേഷം മാസ്റ്റർ രുദ്രാപ്പൂരിലേക്ക് മടങ്ങി.

ഈ യാത്രയിലെ ഏതാനും ഉദ്ധരണികൾ:

- നിങ്ങൾ ഹൃദയത്തെ അനുസരിച്ച് കഠിനപ്രയത്നം ചെയ്യുമ്പോൾ, ആർക്കും നിങ്ങളെഒന്നും ചെയ്യുവാൻ സാധിക്കില്ല.
- തീരുമാനമെടുക്കുന്നതിനും അത് പ്രാവർത്തികമാക്കുന്നതിനും ഇടയിലുള്ള ബലം ഇച്ഛാശക്തിയാണ്, മസ്തിഷ്കത്തിലെ synapseഇനു സമമാണത്.
- ഇച്ഛാശക്തിയുടെ പ്രാബല്യമാണ് അച്ചടക്കം.
- സ്നേഹിക്കാൻ താത്പര്യമില്ലായ്മ സ്നേഹിക്കാൻ കഴിവില്ലായ്മയിൽ നിന്നും വ്യത്യസ്തമാണ്.
- ബാബൂജിയെ ഉദ്ധരിച്ചുകൊണ്ട് മാസ്റ്റർ ഇങ്ങനെ പറഞ്ഞു, “വഴിതെറ്റിയലയുന്ന ചിന്തകളാണ് ആധി.”
- ആഹ്ലാദം ക്ഷണികമാണ് പക്ഷെ സന്തോഷം മനസ്സിൻെറ ഒരു അവസ്ഥയാണ്.

12–ാം തീയതി വൈകുന്നേരം, ഒരു സംഘം വിദേശ അഭ്യാസികൾ നടത്തിയ ഗാനാലാപനവും ഓടക്കുഴൽ വായനയും തൻെറ കോട്ടേജിനു വെളിയിലിരുന്ന് മാസ്റ്റർ ആസ്വദിച്ചു. അടുത്ത ദിവസം ഞായറാഴ്ചയായതിനാൽ സത്സംഗം നടത്തിയതിനുശേഷം ഡൽഹിയിലേക്ക് തിരിച്ചു. പോകുന്ന വഴി അദ്ദേഹം മൊറാദാബാദിൽ ഉച്ചഭക്ഷണത്തിനായി നിർത്തി.

## ജോദ്പൂർ–എന്നും സ്മരിക്കാനായി ഒരു സന്ദർശനം



മാസ്റ്ററുടെ ഇത്തവണത്തെ അദ്ധ്യാത്മിക പര്യടനത്തിൽ പത്തു വർഷത്തിനുശേഷമുള്ള അദ്ദേഹത്തിൻെറ ജോദ്പൂർ സന്ദർശനവും ഉൾപ്പെടുന്നു. പുതിയ ധ്യാന മന്ദിരം രാജസ്ഥാനിലെ മരുഭൂമിക്ക് അദ്ദേഹം സമ്മാനിച്ച ഒരു അദ്ധ്യാത്മിക മരുപ്പച്ചയായി അവിടെ സന്നിഹിതരായിരുന്ന 3000 അഭ്യാസികൾക്ക് അനുഭവപ്പെട്ടു.

ഫെബ്രുവരി 15–ാം തീയതി അദ്ദേഹം ആകാശമാർഗ്ഗം ഡൽഹിയിൽ നിന്നും അവിടെ എത്തിച്ചേർന്നപ്പോൾ രണ്ടു ദിവസമായി നീണ്ടു നിന്നിരുന്ന മഴയ്ക്ക് വിരാമമിടുകയും ആ പ്രദേശത്തുള്ളവർ വളരെയധികം ആഗ്രഹിച്ച സൂര്യപ്രകാശം ലഭിക്കുകയും ചെയ്തു. ഡൽഹിയിലേയും രുദ്രാപ്പൂരിലേയും ദീർഘദൂര യാത്രകൾക്കുശേഷവും അദ്ദേഹം ഉന്മേഷവാനായി കാണപ്പെട്ടു.

അഭ്യാസികളെസന്തോഷിപ്പിച്ചുകൊണ്ട് അദ്ദേഹം രണ്ടു തവണ പുറത്തുവന്ന് അവരോടൊത്ത് സമയം ചെലവഴിച്ചു. മാസ്റ്റർ പുൽതകിടിയിലിരുന്ന് അഭ്യാസികളുമായി സമയം ചെലവഴിച്ചപ്പോൾ കോട്ടേജിൻെറ കവാടം എല്ലാവർക്കുമായി തുറന്നുകിടക്കുകയായിരുന്നു. അദ്ദേഹത്തിൻെറ പാദംസ്പർശിച്ച ഒരു സഹോദരിയോട് നമ്മുടെ മിഷനിൽ ഇത് അംഗീകരിക്കുന്നില്ലെന്നും അനന്തരഫലമെന്താണെന്ന് ചിന്തിക്കാതെ ഇത്തരത്തിൽ പ്രവർത്തിക്കരുതെന്നും അദ്ദേഹം പറഞ്ഞു. നമ്മുടെ മിഷനെ എതിർക്കുന്നവർക്കും അഭ്യാസികളെ പിൻതിരിപ്പിക്കുന്നവർക്കും വേണ്ടി നാം പ്രാർത്ഥിക്കണമെന്ന് അദ്ദേഹം പറഞ്ഞു.

ഫെബ്രുവരി 16–ാം തീയതി രാവിലെ 9:15–ന് ജോദ്പൂർ ആശ്രമം ഉദ്ഘാടനം ചെയ്തതിനുശേഷം മാസ്റ്റർ പുതുതായി പണിത ധ്യാന മന്ദിരത്തിൽ സത്സംഗം നടത്തി. സഹോ.രൻജന മെഹ്തയുടെ ഭജൻ ആലാപനം ശ്രവിച്ചതിനുശേഷം അദ്ദേഹം ഓഫീസ് സന്ദർശിക്കുകയും വെയിലാസ്വദിച്ചു കൊണ്ട് അവിടെയിരുന്ന് അഭ്യാസികളുമായി ഇടപഴകുകയും ചെയ്തു. സംസ്കാരിക പരിപാടികളിൽ പങ്കെടുത്ത കുട്ടികളെകാണുവാനായി അദ്ദേഹം വൈകുന്നേരം പുറത്തുവന്നു.

ഫെബ്രുവരി 17–ാം തീയതി സത്സംഗത്തിൽ പങ്കെടുക്കാതെ തൻെറ വസതിക്കു മുന്നിൽ തന്നെയും കാത്തിരുന്ന അഭ്യാസികളോട് മാസ്റ്റർ തൻെറ അസംതൃപ്തി അറിയിച്ചു. 11:30 മണിക്ക് അദ്ദേഹം എല്ലാ സ്വയംസേവകർക്കുമായി ഒരു സത്സംഗം നടത്തി. അതിസുന്ദരമായ വിദേശ പ്രദേശങ്ങൾ സന്ദർശിക്കുന്നതിനെക്കുറിച്ച് ചർച്ചചെയ്തവെ, ഇത്തരം പ്രവർത്തികൾക്ക് യഥാർത്ഥത്തിൽ ഒരു വിലയുമില്ലെന്നും മറിച്ച് അഹംബോധം വളർത്തുന്നതിനു മാത്രമേ അത് സഹായിക്കൂവെന്നും മാസ്റ്റർ പറഞ്ഞു. ഉച്ചയ്ക്കുശേഷം മാസ്റ്റർ ഡൽഹിയിലേക്ക് യാത്ര തിരിച്ചു.










വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക


# പുതിയ പ്രസിദ്ധീകരണങ്ങൾ





അവർ സൊൽവതു യാതെനിൽ -III
തമിഴ്





ഹാർട്സ്പീക് 2006
കന്നഡ




ട്രൂത്ത് ഇറ്റേർണൽ
മലയാളം




കംപ്ലീറ്റ് വർക്സ് ഓഫ് രാം ചന്ദ്ര (ലാലാജി)
വാല്യം II- ഹിന്ദി




ദ വണ്ടർഫുൾ ടെൻ ആൻറ് വൈ
സ്പാനിഷ്, ഡാനിഷ്, ഇറ്റാല്യൻ, ജർമൻ, ഇംഗ്ലീഷ്, ഹിന്ദി,ഫ്രെഞ്ച്,പോർച്ച്യുഗീസ്

ബസന്ത് സമയത്ത് മാസ്റ്റർ റിലീസ് ചെയ്ത പുസ്തകങ്ങൾ.





ഹാർട്സ്പീക് 2008
മറാഠി




ഹാർട്സ്പീക് 2008
ഗുജറാത്തി




ഹാർട്സ്പീക് 2008
ഹിന്ദി




പ്രെ ഫോർ ചെയ്ഞ്ച്
ഡിവിഡി സെറ്റ്

# അറിയിപ്പുകൾ

## പുതിയ നിയമനങ്ങൾ

അജയ് കുമാർ ഭട്ടർ
സോണൽ ഇൻ ചാർജ്, പശ്ചിമ ബംഗാൾ, സോൺ 13

മിസാൽ മെഹ്ത
സെൻറർ മാനേജർ, കൊൽക്കത്ത സെൻറർ

ദീപക് സാഹ്
ഹൽദ്വാനി സെൻറർ ഇൻ ചാർജ്

അനിൽ സിംഗ് ബിഷ്റ്റ്
ഹൽദ്വാനി ആശ്രമം മാനേജർ

## മാസ്റ്ററുടെ ജന്മ ദിനാഘോഷങ്ങൾ

തിരുപ്പൂരിലെ(തമിഴ്നാട്) ഡയമണ്ട് ജൂബിലി പാർക്കിൽ വച്ച് 2011 ജൂലായ് 23 മുതൽ 25 വരെ തൻെറ 85–ാം ജന്മദിനം ആഘോഷിക്കാൻ മാസ്റ്റർ അനുമതി നൽകിയിട്ടുണ്ട്. ഇത് ഇന്ത്യയിലെ അഭ്യാസികൾക്ക് ഒരു ദേശീയ തലത്തിലുള്ള ആഘോഷമായിരിക്കും. ഈ ആഘോഷത്തിൽ പങ്കെടുക്കുവാനും നമ്മുടെ പ്രിയപ്പെട്ട മാസ്റ്ററുടെ കൂടെ ഈ സമയം ചെലവഴിക്കുവാനും എല്ലാ അഭ്യാസികളെയും ക്ഷണിച്ചു കൊള്ളുന്നു.

# ഭൂതകാലത്തിലേക്കൊരു എത്തിനോട്ടം

മലേഷ്യയിലേക്കുള്ള യാത്രയ്ക്കു മുൻപ് ബാബൂജി ഏതാനും ദിവസങ്ങൾ ചെന്നൈയിൽ ചെലവഴിച്ചിരുന്നു. മാസ്റ്ററുടെ ഡയറിയിൽ നിന്നുമുള്ള ഏതാനും വരികളാണ് താഴെ കൊടുത്തിരിക്കുന്നത്.



1977 ഏപ്രിൽ 3, ഞായറാഴ്ച:

രാവിലെ എട്ടു മണിക്ക് മാസ്റ്റർ ഗായത്രിയിൽ എത്തിച്ചേർന്നു. പുറത്തു നിന്നുമുള്ള അഭ്യാസികളുടെ സൗകര്യാർത്ഥം സത്സംഗത്തിൻെറ സമയം 9 മണിയായി മാറ്റി. മിഷൻെറ നെല്ലൂർ സെൻററിൽ നിന്നുമുള്ള അഭ്യാസികൾ കൂടിയായപ്പോൾ വീടു നിറയെ അഭ്യാസികളായിരുന്നു. ഉദ്ദേശം 500 അഭ്യാസികൾ അന്ന് ഗായത്രിയിലുണ്ടായിരുന്നു. മുകളിലുള്ള ടെറസ്സും താഴെയുള്ള ഹാളും പുറത്തെ വരാന്തയും കല്ലു പാകിയ വഴിയുമെല്ലാം മുഴുവനായും നിറഞ്ഞിരുന്നു. ഒരു ബസന്ത് പഞ്ചമി അന്തരീക്ഷം അവിടെ നിലനിന്നിരുന്നു. തൻെറ മുറിയിലിരുന്നു മാസ്റ്റർ അഭ്യാസികൾക്കായി പ്രേഷണം നടത്തി. അത് ഒരു വളരെ നല്ല സിറ്റിംഗായിരുന്നു.

സിറ്റിംഗിനെ തുടർന്ന് ഇഡ്ഢലിയും വടയും ചായയും പഴവുമടങ്ങുന്ന പ്രാതൽ എല്ലാ അഭ്യാസികൾക്കും നൽകി. ഇത് ഒന്നര മണിക്കൂറോളം തുടർന്നു. മാസ്റ്ററെ വിശ്രമിക്കാൻ അനുവദിച്ചു കൊണ്ട് മുഴുവൻ സംഘവും 11:30 മണിക്ക് വിടവാങ്ങി. ഇഡ്ഢലിയും സാമ്പാറുമടങ്ങുന്ന ഒരു ലഘുഭക്ഷണത്തിനുശേഷം മാസ്റ്റർ ഉച്ചയ്ക്ക് നന്നായി വിശ്രമിച്ചു. വൈകുന്നേരം നാലു മണിക്ക് വീടു നിറച്ചു കൊണ്ട് അഭ്യാസികൾ വീണ്ടും ഒത്തുചേർന്നു. മുകളിലും താഴത്തും ഒരേസമയം സഹജ മാർഗ്ഗത്തിനെക്കുറിച്ച് പ്രിസെപ്റ്റർമാരായ ശ്രീ എസ്.കെ.രാജഗോപാലനും, ശ്രീ സി.എ.രാജഗോപാലാചാരിയും, ശ്രീ വി.വെങ്കടപതിയും സംസാരിച്ചു. തുടർന്ന് ചോദ്യോത്തര വേളയുമുണ്ടായിരുന്നു. 6:30 മണിക്ക് മാസ്റ്റർ ഒരിക്കൽകൂടി 20 മിനിറ്റ് സമയത്തേക്ക് സത്സംഗം നടത്തി. രാത്രി ഭക്ഷണത്തിനുശേഷം മാസ്റ്റർ ബെസൻറ് നഗറിലേക്ക് പോയി. സന്തോഷത്താലും ആദ്ധ്യാത്മിക ആനുകൂല്യങ്ങളാലും നിറഞ്ഞു നിന്ന ഒരു ദിവസമായിരുന്നു അത്. വളരെ ദൂരെ നിന്നും കുറേ അഭ്യാസികൾ തന്നെ കാണാൻ വന്നതിൽ മാസ്റ്റർ വളരെ സംതൃപ്തനായിരുന്നു. മൂന്നു ബസ്സുകളിലായി ആന്ധ്രയിൽ നിന്നും വന്ന അഭ്യാസികൾ വൈകുന്നേരം മടങ്ങി. പുറത്തു നിന്നും വന്ന ഏതാണ്ട് എല്ലാ അഭ്യാസികളും വൈകുന്നേരം തങ്ങളുടെ വീടുകളിലേക്ക് മടങ്ങി.

യാത്ര, വാല്യം 2, ബ്ലോസ്സംസ് ഇൻ ദ ഈസ്റ്റ്

വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്രോസ് ഇന്ത്യ വാർത്താപത്രിക

# പൂജ്യ ലാലാജി മഹാരാജിൻെറ

## 139–ാം ജന്മദിന ആഘോഷം

"സന്തോഷം എന്നത് പുറത്തെവിടെയുമല്ല. അത് മനസ്സിൻെറ നിശ്ചയബോധം, സ്ഥിരത, ഉൾവലിയൽ എന്നിവയിലാണെന്നതാണ് പരമാർത്ഥം. ഈ രഹസ്യമറിയുന്ന ആർക്കും സന്തോഷം പുറാത്തന്വേഷിക്കേണ്ട ആവശ്യമില്ല"

ലാലാജി മഹാരാജ്


ജോദ്പൂർ



ബാംഗ്ലൂർ

നമ്മുടെ മിഷൻെറ ആദി ഗുരു പൂജ്യശ്രീ ലാലാജി മഹാരാജിൻെറ 139–ാം ജന്മദിനം രാജ്യത്തെ പല കേന്ദ്രങ്ങളിലും വളരെ വിപുലമായി ആഘോഷിച്ചു. മിക്കവാറും എല്ലാ കേന്ദ്രങ്ങളിലും രാവിലെ ഏഴരയുടെ സത്സംഗത്തോടെയാണ് ദിനം ആരംഭിച്ചത്. പല സ്ഥലങ്ങളിലും ലാലാജിയുടെ ജീവിതത്തെ ആസ്പദമാക്കിയുള്ള വീഡിയോ പ്രദർശനവും ലാലാജിയുടെ ജീവിതത്തെക്കുറിച്ചും അദ്ദേഹത്തിൻെറ 'ശാശ്വത സത്യം' എന്ന പുസ്തകത്തെ ആസ്പദമാക്കിയും ചർച്ചകളും പ്രഭാഷണങ്ങളും ഭജനകളും മറ്റും സംഘടിപ്പിച്ചു. 2010–ലെ പ്രബന്ധ രചനാ മത്സരത്തിൻെറ സമ്മാനദാനവും നടന്നു. വൈകുന്നേരത്തെ സത്സംഗത്തോടെയാണ് പരിപാടികൾ അവസാനിച്ചത്.

ഇവയ്ക്കു പുറമെ, അലഹബാദ്(യു.പി) കേന്ദ്രത്തിൽ ഒരു ദന്താശുപത്രി ഡോ.വി.കെ.ആഗർവാൾ ഉദ്ഘാടനം ചെയ്തു. പ്രബന്ധ രചനാ മത്സരത്തിൻെറ സർട്ടിഫിക്കറ്റുകൾ വിതരണവും നടന്നു. ഇൻഡോറിൽ(എം.പി) മിഷൻ പുതുതായി വാങ്ങിയ സ്ഥലത്ത് ഏതാണ്ട് 800ഓളം അഭ്യാസികൾ ഒത്തുചേർന്ന് 'എന്നിൽ ഞാൻ കണ്ട മാറ്റം' എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ച ചെയ്യുകയും, അവരുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. 400ഓളം പേർ പങ്കെടുത്ത വിജയവാഡയിൽ(എ.പി) പ്രഭാഷണങ്ങൾക്കു പുറമെ 'ഗുരുക്കന്മാരുടെ ഉദ്ബോധനങ്ങൾ' എന്ന വിഷയത്തിൽ ക്വിസ് നടത്തി. ഹൈദരാബാദിലെ തുംകുണ്ട ആശ്രമത്തിൽ 2000ത്തോളം അഭ്യാസികൾ പങ്കെടുത്തു. 'സ്വയം തിരിച്ചറിയുന്നതിൻെറ ശക്തി' എന്ന വിഷയം ആസ്പദമാക്കി ഒരു ലഘു നാടകവും 'ഗുരു പാദുകാഭ്യം' എന്ന പേരിൽ ഹൃദയസ്പർശ്ശിയായ നൃത്തവും സംഘടിപ്പിച്ചു.

ഒറീസയിലെ അംഗൂൽ കേന്ദ്രത്തിൽ 120–ൽ അധികം അഭ്യാസികൾ പങ്കെടുത്ത ആഘോഷത്തിൽ ലാലാജിയുടെ ജീവിതത്തെക്കുറിച്ചുള്ള വീഡിയോ പ്രദർശനവും പ്രഭാഷണങ്ങളും തുറന്ന സദസ്സും മറ്റു പരിപാടികളും സംഘടിപ്പിച്ചു. രാജ്യ തലസ്ഥാനമായ ഡൽഹിയിൽ ആശയിൽ നിന്നും ആശയില്ലായ്മയിലേക്ക് മാറുന്നതിനേയും സമർപ്പണത്തിലൂടെ സംസ്ക്കാരങ്ങളിൽ നിന്നും സ്വാതന്ത്ര്യം നേടുന്നതിനേയും പ്രതിപാദിക്കുന്ന 'ലക്ഷ്യം', 'കട്പുത്‌ലി' എന്നീ പേരുകളിൽ ലഘുനാടകങ്ങൾ അവതരിപ്പിച്ചു.

കർണ്ണാടകയിലെ ചിഞ്ചൊലി, ചിറ്റാപൂർ, വാദി, ഷാഹ്പൂർ, സേദം തുടങ്ങിയ ഉപകേന്ദ്രങ്ങളിലെ 350ഓളം വരുന്ന അഭ്യാസികൾ ഗുൽബർഗ്ഗ കേന്ദ്രത്തിൽ സംഘടിപ്പിച്ച ആഘോഷത്തിൽ പങ്കെടുത്തു. സിർസി, ബേലൂർ, ദാർവാഡ്, കല്ലൂർ, ഗഡഗ്, നവനഗർ, നവൽഗുണ്ട്, ഹാവേരി എന്നീ കേന്ദ്രങ്ങളിലെ അഭ്യാസികൾ ഹുബ്ലി കേന്ദ്രത്തിൽ സംഘടിപ്പിച്ച ആഘോഷത്തിലാണ് പങ്കെടുത്തത്. ഗരുഡൻെറ ധർമ്മസങ്കടത്തെക്കുറിച്ചുള്ള ഒരു ലഘു നാടകം യുവ അഭ്യാസികൾ ചേർന്ന് അവതരിപ്പിച്ചു. ബാംഗ്ലൂരിലെ പരംധാം ആശ്രമത്തിൽ സംഘടിപ്പിച്ച ആഘോഷത്തിൽ 1500ഓളം അഭ്യാസികൾ പങ്കെടുത്തു. അവിടെ മാസ്റ്റർമാരും അവരുടെ ഉദ്ബോധനങ്ങളും, ഭണ്ഡാരകളിലെ ഓർമ്മകൾ തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടന്നു. ലാലാജിയുടെ ഉദ്ബോധനങ്ങൾ തന്നെയായിരുന്നു മംഗലാപുരം, കൊല്ലെഗൽ കേന്ദ്രങ്ങളിലേയും മുഖ്യവിഷയം.

കേരു ഗ്രാമത്തിലെ ജൈസൽമേർ റോഡിൽ സ്ഥിതി ചെയ്യുന്ന പുതിയ ആശ്രമഭൂമിയിലായിരുന്നു ജോധ്പൂരിലെ ആഘോഷം. ഗുരുശിഷ്യ ബന്ധത്തിലെ സ്നേഹം ചിത്രീകരിക്കുന്ന ലഘു നാടകം അവിടെ അരങ്ങേറി. ആസാമിലെ ഗുവഹട്ടി, ടിൻസുകിയ എന്നീ കേന്ദ്രങ്ങളിൽ 'നിരീക്ഷിക്കുക, അനുസരിക്കുക, അദ്ദേഹത്തെപ്പോലെയായിത്തീരുക' എന്ന വിഷയത്തിൽ പ്രഭാഷണങ്ങൾ നടന്നു.

തമിഴ്നാട്ടിലെ തിരുനെൽവേലിയിൽ സംഘടിപ്പിച്ച ആഘോഷത്തിൽ മിഷൻെറ ജോയിൻറ് സെക്രട്ടറിയായ സഹോ.എ.പി.ദുരൈ പങ്കെടുത്തു. കന്യാകുമാരി, പനഗുഡി, കൊളിയങ്കുളം, വഡകങ്കുളം, ടുട്രികൊറിൻ, തെങ്കാശി, നാഗർകൊവിൽ, രാജാപാളയം, കോവിൽപ്പെട്ടി തോവാളൈതുടങ്ങിയ കേന്ദ്രങ്ങളിലെ അഭ്യാസികൾ ആണ് ഇവിടെ പങ്കെടുത്തത്. ലാലാജിയുടെ പുസ്തകം, അദ്ദേഹത്തിൻെറ ജീവിതം, ഉദ്ബോധനങ്ങൾ എന്നിവയെക്കുറിച്ച് മൂന്ന് സഹോദരിമാർ ചുരുക്കി വിവരിച്ചു. ഗുരുക്കന്മാരുടെ ഉദ്ബോധനങ്ങളെകുറിച്ചുള്ള ചർച്ചകളും ഭക്ഷണവും കഴിഞ്ഞശേഷം അഭ്യാസികൾക്ക് പെട്ടെന്നു വിഷയം നൽകി സംസാരിക്കാനുള്ള പരിപാടിയും സംഘടിപ്പിച്ചു.


ഹുബ്ലി


ഇൻഡോർ


ലാൽപാനിയ


ഹൈദരാബാദ്


മംഗലാപുരം

## പുതിയ പ്രകാശ കേന്ദ്രം തഞ്ചാവൂർ

തമിഴ്നാട്ടിലെ തഞ്ചാവൂർ നമ്മുടെ മാസ്റ്റർ ഭൂജാതനായ ജില്ലയാണ്. ഇവിടെ ഒരു ആശ്രമമുണ്ടാകുക എന്നത് മാസ്റ്ററുടെ ദീർഘ കാലമായുള്ള അഭിലാഷമായിരുന്നു. ദീർഘകാലത്തെ പരിശ്രമഫലമായി, തിരുവാരൂരിലേക്കുള്ള റോഡിൽനിന്നും 14 കി.മി. അകലെയായി അനുയോജ്യമായ ഒരു സ്ഥലം കണ്ടെത്തുന്നതിൽ അഭ്യാസികൾ വിജയിച്ചു. മാസ്റ്ററുടെ ആഗ്രഹങ്ങൾക്കനുസരിച്ച് തെങ്ങ് പൈൻ, മാവ് മുതലായ മരങ്ങൾ വ്യാപിച്ചു കിടക്കുന്ന 10 ഏക്കർ ഭൂമി ആശ്രമത്തിനായി വാങ്ങി..

മാസ്റ്ററുടെ ആഗ്രഹത്തിനനുയോജ്യമായി, പൂന്തോട്ടമടക്കം 4000 ച.അടി വിസ്തീർണമുള്ള പ്ലോട്ടുകൾക്കായി ഇരുപത് ഏക്കർ ഭൂമി ആസൂത്രണം ചെയ്തിട്ടുണ്ട്. മതിയായ ജലസ്രോതസ്സുകൾ ഈ ഭൂമിയിലുണ്ട്.

ഭൂമിയുടെ വിലയിൽ റോഡ്, ജലം, ചാലുകൾ എന്നിവയുടെ വികസനത്തിനുള്ളത് അടങ്ങിയിട്ടുണ്ട്. അഭ്യാസികൾക്ക് ഉടനെത്തന്നെ വീടുകൾ നിർമ്മിക്കുവാനും നിർമ്മാണത്തിലിരിക്കുന്ന ആശ്രമത്തിനെ സഹായിക്കുവാനും ഉപയോഗിക്കുവാനും സാദ്ധ്യമാകും.





## വി.ബി.എസ്.ഇ. പരിപാടി, വഡോദര

വഡോദരയിലെ വി.ബി.എസ്.ഇ. വളൻറിയർമാർ, അളകാപുരിയിലെ ബറോഡ ഹൈ സ്കൂളിലെ 6,7 ക്ലാസ്സിലെ 45 ഓളം കുട്ടികൾക്കായി ‘സംഘ രൂപീകരണം’ എന്ന വിഷയത്തെ അധികരിച്ച് 3 മണിക്കൂർ നീണ്ട ഒരു ശിൽപശാല നടത്തി. കൂട്ടായ്മ സന്തോഷത്തോടെ ഉൾക്കൊള്ളേണ്ടതിൻെറ പ്രാധാന്യത്തെ ഉറപ്പാക്കുകയായിരുന്നു ഇതിൻെറ മുഖ്യ ലക്ഷ്യം. സംഘരൂപീകരണത്തിലെ അഞ്ച് കാര്യങ്ങൾ– അർപ്പണബോധം, സംഭാവന, സഹകരണം, ആശയ വിനിമയം, വൈരുദ്ധ്യങ്ങളെകൈകാര്യം ചെയ്യൽ എന്നിവയെ അനുയോജ്യമായ പരീക്ഷണങ്ങളിലൂടെ വിവരിച്ചു.

അർപ്പണ ബോധത്തെ പ്രകീർത്തിക്കുന്ന ‘ഫ്ലൈറ്റ് ഓഫ് ഗീസ്’ അവതരിപ്പിച്ചു. സാധനങ്ങളെഓർമ്മിക്കുവാനും പരസ്പര ആശയ വിനിമയത്തെക്കുറിച്ചും ഉള്ള ഒരു പ്രവർത്തനശാല ഉണ്ടായിരുന്നു.സഹകരണത്തിൻേറയും പൊതു ലക്ഷ്യങ്ങളുടേയും പ്രാധാന്യത്തെ ഉയർത്തികാണിക്കുന്ന ‘നിങ്ങൾക്ക് എത്ര വേണമെങ്കിലും വിജയിക്കാം’ എന്ന കളിയും ഉണ്ടായിരുന്നു.

നല്ല ശ്രദ്ധയോടെയും നിമഗ്നതയോടെയും കുട്ടികൾ എല്ലാത്തിലും പങ്കെടുത്തു.സ്കൂൾ ഈ പരിപാടിയെ പ്രശംസിക്കുകയും കുട്ടികൾക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് പ്രവർത്തനശാലകൾ തുടർന്നും നടത്തുന്നതിന് ക്ഷണിക്കുകയും ചെയ്തു.

## സമ്മർദ്ദങ്ങളെ നേരിടുന്നതിനുള്ള ശിൽപശാല, വിശാഖ പട്ടണം

സമ്മർദ്ദങ്ങളെകൈകാര്യം ചെയ്യുന്നതിനുള്ള ഒരു പരിപാടി ഫെബ്രുവരി 9 ന് ഇന്ത്യൻ നാവിക സേനയുടെ ഐ.എൻ.എസ്. ശതവാഹനയിൽ ഓഫീസർമാർക്കും നാവികർക്കുമായി സംഘടിപ്പിച്ചു. പരിപാടിക്ക് ഒരു ദിവസം മുമ്പ് പങ്കെടുക്കുന്നവർക്ക് ലഘുലേഖകൾ വിതരണം ചെയ്തു. സബ് മറൈൻ സ്കൂളിലെ ഓഫീസർ ഇൻ ചാർജ്ജ് സഹോ. കമാൻഡർ ശ്രീരാം അമുർ നടത്തിയ അവതരണത്തോടെ പരിപാടി ആരംഭിച്ചു. സഹോ. വി.ആർ.എസ്. നാഗശർമ സഹജമാർഗ തത്വത്തെ വിവരിച്ചു കൊണ്ട് 'സമ്മർദ്ദവും സമയം കൈകാര്യം ചെയ്യലും ധ്യാനത്തിലൂടെ' എന്നതിനെക്കുറിച്ച് പ്രസംഗിച്ചു. സഹോ. ജി.വി. രവീന്ദ്ര ഹിന്ദിയിൽ സംസാരിച്ചു. തുടർന്ന് നടത്തിയ പരസ്പര ചർച്ചയിൽ പല സംശയങ്ങൾക്കും നിവാരണം നൽകി. സഹോ. കെ.എസ്. സപ്തമുഘലു പങ്കെടുത്ത 150 പേരെയും വിശാഖപട്ടണം ആശ്രമത്തിലേക്ക് ക്ഷണിച്ചു. പലരും സഹജമാർഗ പരിശീലനത്തിൽ താൽപര്യം പ്രകടിപ്പിച്ചു. ആഗ്രഹം പ്രകടിപ്പിച്ചവർക്ക് പ്രാരംഭ സിറ്റിംഗുകൾ നൽകി.

## പ്രിഫക്റ്റ് യോഗം, നാട്രംപള്ളി



തമിഴ്നാട്ടിലെ 55 പ്രിഫക്റ്റുകൾക്കായി ജനുവരി 7, 8 തിയതികളിൽ ഒരു യോഗം നാട്രംപള്ളി ആശ്രമത്തിൽ വെച്ച് നടത്തുകയുണ്ടായി. സഹോ. എ.പി.ദുരൈയും(ജോ.സെക്രട്ടറി), സഹോ. എസ്. പ്രകാശും(സോ.ഇൻ.ചാ) പരിപാടി നിയന്ത്രിച്ചു. സെൻററുകളുടെ വളർച്ചക്ക് എന്തെല്ലാം ചെയ്യണം എന്നതിനെ സ്പർശിച്ചുകൊണ്ടും പുതിയ പ്രിഫക്റ്റുകളെതിരഞ്ഞെടുക്കുവാനുള്ള മാനദണ്ഡങ്ങളെവിവരിച്ചുകൊണ്ടും സഹോ. പ്രകാശ് സംസാരിച്ചു. മിഷനുവേണ്ടിയുള്ള പ്രവർത്തികളിൽ ഏർപ്പെടുന്ന അഭ്യാസികളെയാണ് മാസ്റ്റർ വിലമതിക്കുന്നതെന്ന് എ.പി. ദുരൈ പറഞ്ഞു. മാസ്റ്ററുടെ പ്രവർത്തികളിൽ പങ്കുകൊള്ളുന്നതിലൂടെ ശുഭാപ്തിവിശ്വാസിയായ പ്രിസപ്റ്റർ സ്ഥാനാർത്ഥികളുടെ ഊർജ്ജസ്വലത തെളിയിക്കണം. സഹോ. ദപരുമാൾ (ഡയറക്റ്റർ,ക്രെസ്റ്റ്,ബാംഗ്ലൂർ) പരിശീലനം നൽകേണ്ടതിൻെറ ആവശ്യകതയെപ്പറ്റി സംസാരിച്ചു. സഹോ. എൻ.എസ്. നാഗരാജ ‘മിഷൻെറ വളർച്ചയും നേരിടുന്ന വെല്ലുവിളികളും’ എന്നതിനെക്കുറിച്ച് സംസാരിച്ചു.

ആത്മപരിശോധനക്ക് സഹായകമായ പത്തു ചോദ്യങ്ങൾ, സുവർണ്ണ നിശ്ശബ്ദതക്കായുള്ള സമയത്ത്, സഹോ. പ്രകാശ് നൽകി. ‘മറ്റുള്ളവരിൽ സ്വഭാവ രൂപീകരണം എങ്ങനെ പ്രോത്സാഹിപ്പിക്കാം’, ‘ഗൃഹസദസ്സുകളിലെയും തുറന്നസദസ്സുകളിലെയും അനുഭവങ്ങൾ’, ‘സഹജമാർഗത്തെപ്പറ്റിയുള്ള മിഥ്യാ ധാരണകളെ എങ്ങനെ പ്രതിരോധിക്കാം’, ‘സിറ്റിംഗുകൾക്ക് പുറമെ മാസ്റ്റർക്കുവേണ്ടി നമുക്കു എന്തെല്ലാം ചെയ്യാനാകും’, ‘ആദർശവാനായ അഭ്യാസിയേയും പ്രിസപ്റ്ററെയും എങ്ങനെ വിഭാവനം ചെയ്യാം’ എന്നീ വിഷയങ്ങളെക്കുറിച്ച് ചെറു സംഘങ്ങളായി ചർച്ച നടത്തി. തുടർന്ന് നടത്തിയ രണ്ടു കളികൾ ധാരാളം ചിരിയും തമാശയും ഉണ്ടാക്കി. ഇത് പങ്കെടുത്തവർക്കിടയിലെ മുൻ വിധികൾ ഇല്ലാതാക്കാനും എല്ലാവരേയും ഒന്നിപ്പിക്കാനും അവസരമൊരുക്കി. അഞ്ചുപേരടങ്ങിയ നേതൃത്വം ചോദ്യോത്തരവേളകൈകാര്യം ചെയ്തു. ക്രിക്കറ്റ് കളിയോടെ പരിപാടി അവസാനിച്ചു.

വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## കോളേജ് വിദ്യാർത്ഥികളുമായി അഭിമുഖം, പാലക്കാട്, കേരളം

സഹോ. രവീന്ദ്രനാഥനും സഹോ. എ.കെ.മോഹൻദാസും ഡിസമ്പർ 27, 2010ൽ മണ്ണമ്പറ്റ, വി.ടി.ബി. കോളേജിലെ വിദ്യാർഥികളെ അഭിമുഖീകരിച്ച് 'ധ്യാനം', 'ധ്യാനത്തിൻെറ ആവശ്യകതയും ഗുണവും' തുടങ്ങിയ വിഷയങ്ങളിൽ സഹജമാർഗത്തിനുള്ള പ്രാധാന്യം വിവരിച്ചു കൊണ്ട് സംസാരിച്ചു.

വ്യക്തിത്വ വികസനത്തിനും നിത്യജീവിതത്തിൽ ഏകാഗ്രതയും അച്ചടക്കവും വളർത്തിയെടുക്കുന്നതിലും ധ്യാനം വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശദമായി സംസാരിച്ചു. സഹോ. രവീന്ദ്രനാഥൻ യുവാക്കളുടെ ശാക്തീകരണത്തെക്കുറിച്ചും നിത്യജീവിതത്തിൽ ലക്ഷ്യം നിജപ്പെടുത്തുന്നതിൻെറ പ്രാധാന്യത്തെപ്പറ്റിയും സംസാരിച്ചു. വിദ്യാർത്ഥികൾ ഇച്ഛാശക്തി വർദ്ധിപ്പിക്കുകയും, അഹംബോധത്തെ ഉൽകൃഷ്ടമാക്കുകയും, അലസതയെ തരണം ചെയ്യുകയും ചെയ്യേണ്ടതിൻെറ ആവശ്യകതയെപ്പറ്റി അദ്ദേഹം ഊന്നിപ്പറഞ്ഞു.

പങ്കെടുത്തവരിൽ നിന്നും ഉയർന്നു വന്ന ഏകാഗ്രത, ദേഷ്യത്തെ കൈകാര്യം ചെയ്യേണ്ടതെങ്ങനെ എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നൽകി. പ്രാരംഭ സിറ്റിംഗ് വേണ്ടവർക്ക് നേരിൽ ബന്ധപ്പെടുവാൻ തൻെറ വിശദാംശങ്ങൾ നൽകിയശേഷം സഹോ. വത്സകുമാർ നന്ദി പ്രകാശിപ്പിച്ച് പരിപാടി അവസാനിച്ചു.

## കൂട്ടായചർച്ച, മൊറാദാബാദ്

ഫെബ്രുവരി 6 ന് മൊറാദബാദ് യോഗാശ്രമത്തിൽ ഒരു മുഴുദിന പരിപാടി സംഘടിപ്പിച്ചു. സഹോ. ശ്രാവണിൻെറ പ്രാരംഭ വിവരണത്തോടെ 'സ്വഭാവ രൂപീകരണം' എന്ന വിഷയത്തിൽ അമ്പതോളം അഭ്യാസികൾ ചർച്ച നടത്തി. സ്വഭാവരൂപീകരണത്തിൻെറ എല്ലാ ഭാഗങ്ങളേയും സ്പർശിച്ചുകൊണ്ട് വിശദമായ ചർച്ച നടത്തി. സഹോ. റാം, സഹോ. നീലം, സഹോ. അജിത് എന്നിവർ പരിപാടിക്ക് നേതൃത്വം നൽകുകയും ചോദ്യോത്തരവേളയെ സജീവമാക്കുകയും ചെയ്തു.

## ബാംഗ്ലൂരിൽ നടന്ന വൈദഗ്ദ്യ വികസന പരിപാടി

മിഷൻെറ തുറന്ന സദസ്സുകൾ, വി.ബി.എസ്.ഇ., സ്വാഗത സംഘം, യുവാക്കൾക്കുള്ള പരിപാടി, വിജ്ഞാപനം തുടങ്ങിയ നാനാവിധ കാര്യങ്ങളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള അഭ്യാസികൾക്കായുള്ള ഒരു പൊതുവേദി വളർത്തുക എന്ന ഉദ്ദേശത്തോടെയാണ് ബാംഗ്ലൂർ സെൻറർ ഈ പരിപാടി സംഘടിപ്പിച്ചത്.

ഒരു സദസ്സിനെ അഭിമുഖീകരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിഷയങ്ങളായ ഉള്ളടക്കം, ശരീര ഭാഷ, പ്രസംഗിക്കേണ്ട വിധം, രീതി മുതലായ കാര്യങ്ങളാണ് പരിപാടിയിൽ ചർച്ച ചെയ്തത്. പരിപാടിയെ മൂന്നു മാസത്തേക്ക് മൂന്നു ഭാഗമായി തിരിച്ച് രണ്ടെണ്ണം ബനശങ്കരി ആശ്രമത്തിൽവെച്ചും അവസാനത്തേത് അവിടെ തന്നെ താമസിച്ചുകൊണ്ട് ക്രെസ്റ്റിലും നടത്തി.

നല്ല അനുഭവജ്ഞാനമുള്ള പ്രാസംഗികർ പ്രാധാന്യമുള്ള കാര്യങ്ങളും അനുഭവസമ്പത്തും പങ്കു വെച്ചു. എല്ലാവർക്കും വിഷയം നൽകുകയും അഞ്ചു മിനിട്ട് സംസാരിക്കുവാൻ പറയുകയും പിന്നീട് ശ്രദ്ധിക്കേണ്ട ഭാഗം വിശദീകരിക്കുകയും ചെയ്തു. അവസാനത്തെ ഭാഗം, ക്രെസ്റ്റിൽ വെച്ച് പങ്കെടുത്തവർക്ക് പരിജ്ഞാനമുള്ള മേഖലകളിൽ പ്രവർത്തി നൽകിക്കൊണ്ട് അവസാനിച്ചു.

## ശ്രദ്ധ യുവാക്കളിൽ, ഹൈദരാബാദ്

ജനുവരി 8,9 തിയതികളിൽ 120 പേർ പങ്കെടുത്ത ഒരു 'യുവാക്കളുടെ കൂട്ടായ്മ' ഹൈദരാബാദ് സോണൽ ആശ്രമത്തിൽ വെച്ച് നടത്തി. നാം നിത്യജീവിതത്തിൽ ചെയ്യുന്നതെന്തും ആത്മീയ പുരോഗതിയെ സഹായിക്കണമെന്ന് സ.അനന്ത്(സോ.ഇ.ചാ.) പറഞ്ഞു.

'മിലാൻ യൂത്ത് വർക്ക്ഷോപ്പ്','സെമിനാർസ് ഇൻ ചൈന', 'സ്പിരിചാലിറ്റി–ദി ന്യൂ കൾച്ചർ ഓഫ് ഹാർമണി ഏൻഡ് ബ്രദർഹുഡ്', തുടങ്ങിയ സിഡിയും വീഡിയോയും കാണിച്ചു.പങ്കെടുത്തവർ ചില കളികളിൽ പങ്കെടുക്കുകയും ഉത്സാഹത്തോടെ സന്നദ്ധ സേവനം ചെയ്യുകയും ചെയ്തു.

ബാബുജി മഹരാജിൻെറ ജീവിതത്തെ പ്രതിപാദിക്കുന്ന 'ജേർണി ഇൻ ടൈം' എന്ന സിനിമ അഭ്യാസികളുടെ ഹൃദയത്തെ സ്പർശിച്ചു. സാധനയുടെ വിവിധ ഭാഗങ്ങളെ ആധാരമാക്കിയുള്ള ചോദ്യോത്തര വേളയ്ക്ക് സഹോ.അനന്ത്, സഹോ.മധുമതി, സഹോ.ശ്രീനിവാസ റാവ് എന്നിവർ നേതൃത്വം നൽകി. അധികം പേർക്കും അറിവില്ലാത്ത മിഷൻെറ വിവിധ പ്രവർത്തങ്ങൾ,നിർവ്വഹണ ചുമതലകൾ എന്നിവയെക്കുറിച്ച് സഹോ.രഘു വിവരണം നൽകി. ഗഹനമായ ആത്മീയ അന്തരീക്ഷത്തിൽ ഇഴുകിചേരുന്നതിന് ഉതകുമാറ് 6 സത്സംഗവുമുണ്ടായിരുന്നു.

15 ചെറുപ്പക്കാരായ, ഭാവി വാഗ്ദാനങ്ങളും ഉത്സാഹികളുമായ പങ്കാളികൾക്കായി ഒരു യുവത്വ പ്രവർത്തനശാല 'പരിണമിക്കുന്നതിന് സജീവമാകുക'– 2011 ഫെബ്രുവരി 11–13 തിയതികളിൽ സംഘടിപ്പിച്ചു. ഇതിൻെറ ഉള്ളടക്കം സ.അനന്ത് വിവരിച്ചു. രണ്ടു വ്യക്തികൾ തമ്മിൽ ആശയം പങ്കുവെച്ചുള്ള ആത്മപരിശോധന,ചെറു വിഭാഗങ്ങളായി തമ്മിൽ ആശയവിനിമയം, എല്ലാവർക്കും വ്യക്തിഗത സിറ്റിംഗ്,എല്ലാവർക്കും വേണ്ടി സമൂഹ പ്രാർത്ഥന, കൂടാതെ, ദൃശ്യ ശ്രവണ സിഡി അവതരണം, യുവാക്കളുടെ സന്തോഷത്തിനായി രാത്രി ഭക്ഷണത്തിനുശേഷം ഒരു മനോഹരമായ സിനിമ എന്നിങ്ങനെ പരിപാടി ക്രമീകരിച്ചിരുന്നു.

പങ്കെടുത്തവരിൽ എല്ലാവരും, അവരുടെ വ്യക്തമായ ആന്തരിക മാറ്റം,അവരുടെ വളർച്ചയിൽ സ്വന്തം പങ്കിനെക്കുറിച്ച് വിശാലമായ കാഴ്ചപ്പാട്,സ്വന്തം പുരോഗതിക്കായുള്ള ആന്തരീകത്വര മുതലായവ വെളിപ്പെടുത്തി. സ്വന്തം പരിണാമത്തിനായുള്ള ആന്തരിക ബോധ്യം പരിപാടി അവസാനിക്കുമ്പോഴേക്കും അവരുടെ മുഖങ്ങളിൽ പ്രതിഫലിച്ചിരുന്നു. രണ്ടു പരിപാടികളേയും കുറിച്ചുള്ള പ്രതികരണം നല്ലതായിരുന്നു. പങ്കെടുത്തവരിൽ ഭൂരിഭാഗവും ഇത്തരം പരിപാടികൾ തുടർന്നും വേണമെന്ന് പ്രതികരിച്ചു.







വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

## ഭുവനേശ്വറിലെ സഹോദരിമാരുടെ ആഭിമുഖ്യം

ഭുവനേശ്വർ സെൻററിലെ അഭ്യാസി സഹോദരിമാർ മാസത്തിലൊരിക്കൽ കൂടുന്നത് 2010 ഒക്ടോബർ മുതൽ തുടങ്ങി. ഇതുവരെ, അവർ നാലു മീറ്റിംഗ് കൂടി. അപ്പോഴെല്ലാം ഒരു പ്രിഫെക്റ്റ് ഉണ്ടാകുമെന്ന് ഉറപ്പ് വരുത്തി. അവർ സഹജമാർഗത്തിലെ ഒരു മുഖ്യകാര്യം എടുത്ത് അതിനെപ്പറ്റി അവരുടെ അഭിപ്രായങ്ങളും അനുഭവങ്ങളും പങ്കിടുകയും സംശയമുണ്ടെങ്കിൽ പ്രിസപ്റ്ററുടെ സഹായം തേടുകയും ചെയ്യു. ആദ്യത്തെ നാലു മീറ്റിംഗുകളിൽ ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന, ആശ്രമം എന്നിവയായിരുന്നു വിഷയം. പരസ്പരം ചർച്ച ചെയ്യുള്ള ഇത്തരം മീറ്റിംഗുകൾ സാധനയുടെ ആശയം മനസ്സിലാക്കുവാൻ സഹായിച്ചതായും പതുക്കെ അവരെ മുഴുദിന പരിപാടികളിലെ ചർച്ചകളിൽ സജീവമായി പങ്കെടുക്കുന്നതിന് പര്യാപ്തമാക്കുന്നതായും കാണുവാൻ സാധിച്ചു.

സഹോദരിമാർ അടുക്കളയെ പുന:ക്രമീകരിച്ച് ഞായറാഴ്ചകളിൽ പ്രാതൽ നൽകി തുടങ്ങി.

കഴിഞ്ഞ മൂന്നു മാസമായി, എല്ലാ മുഴു ദിന പരിപാടികളിലും ചർച്ചകൾക്കു ശേഷം എല്ലാ അഭ്യാസികളും അര മണിക്കൂർ നിശ്ശബ്ദരായി ഇരിക്കുന്നുണ്ട്. ജോലിക്കിടയിലായാലും പുസ്തകവായനക്കിടയിലായാലും വെറുതെ ഇരുന്നിട്ടായാലും അവർ ഇതു ചെയ്യുന്നു. ഇത് നല്ലതായി അനുഭവപ്പെട്ട അഭ്യാസികൾ അത്തരം സന്ദർഭങ്ങളെപ്രതീക്ഷയോടെ സ്വീകരിക്കുന്നുണ്ട്.

## ഡെയ്‌ലി റിഫ്ലക്ഷൻസ് ബോധവൽക്കരണം

ഡെയ്‌ലി റിഫ്ലക്ഷൻസ്' എന്നത് നമ്മുടെ മാസ്റ്റർമാരുടെ ഉദ്ധരണികൾ ഇ-മെയിൽ വഴിയായി വരിക്കാർക്ക് പ്രതിഫലമില്ലാതെ അയച്ചു കൊടുക്കുന്ന ഒന്നാണ്. ജനുവരി 17 ന് മദ്ധ്യപ്രദേശിലെ വിദിശയിൽ അഭ്യാസികളിൽ ഇതിനെപ്പറ്റി അറിവ് വളർത്തുന്നതിന് ഒരു പരിപാടി സംഘടിപ്പിച്ചു.

25 ദിവസം ഒരു കൂട്ടം അഭ്യാസികൾ 'ഡെയ്‌ലി റിഫ്ലക്ഷൻസും' അതിൻെറ ഹിന്ദി പരിഭാഷ പുസ്തകങ്ങളിൽനിന്നും കണ്ടെത്തിയതും വായിച്ചു. ഓരോ അഭ്യാസിക്കും ഓരോ സന്ദേശം നൽകുകയും ആത്മ പരിശോധന നടത്തുവാനും, സാധാന, പെരുമാറ്റം, സ്വഭാവം മുതലായവയെ വിലയിരുത്തുവാനും മനസ്സിലാക്കുവാനും അവരുടെ ചിന്തനത്തെ മറ്റുള്ളവരുമായി പങ്കിടുവാനും പറഞ്ഞു.

നിശ്ശബ്ദതയിലെ ശബ്ദം, നിശ്ശബ്ദത, സമയം, സംസ്കാരം, മുദ്രണങ്ങൾ, മിഷൻ, ഈശ്വരീയത അനുഭവിക്കൽ, ഞാൻ, കുട്ടികൾ, മനസ്സ്, ആശ്രമങ്ങൾ, എങ്ങനെ ജോലി ചെയ്യാം, മതം ആത്മീയത, പുരോഗതി മുതലായതായിരുന്നു വിഷയങ്ങൾ. ഇത് വിജ്ഞാനപ്രദമാണെന്നതറിഞ്ഞ്, പങ്കെടുത്ത അഭ്യാസികളുടെ പ്രതികരണം പ്രോത്സാഹ ജനകമായിരുന്നു. സെൻററിലെ അഭ്യാസികളിൽ 'ഡെയ്‌ലി റിഫ്ലക്ഷൻസ്' വായിക്കേണ്ടതാണെന്ന ബോധം വളർത്തി.

## അഭ്യാസി പരിശീലന പരിപാടി

ഇന്ത്യയിലെ പല ഭാഗത്തും അഭ്യാസി പരിശീലന പരിപാടി നടത്തുന്നുണ്ട്. സഹജമാർഗ സാധനയെക്കുറിച്ച് നല്ല ബോധം വളർത്തുന്നതിനും സാധനയിലെ സംശയങ്ങളെദുരീകരിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. ഈ പരിപാടി ധ്യാനം, ശുദ്ധീകരണം, ദശ സൂക്തങ്ങൾ, പ്രാർത്ഥന,നിരന്തര സ്മരണ മുതലായവയെ വിശദമായി പ്രതിപാദിക്കുന്നു. അവതരണത്തിനു ശേഷമുള്ള ചോദ്യോത്തരവേളമറ്റെല്ലാ സംശയങ്ങളും ഇല്ലായ്മ ചെയ്യുന്നതിന് സഹായിക്കുന്നു. താഴെ പറയുന്ന സെൻററുകളിൽ അഭ്യാസി പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. അഭ്യാസികളുടെ പ്രതികരണം പ്രോത്സാഹ ജനകമാണ്.ശരിയായ മനസ്ഥിതിയോടെ സാധന ചെയ്യുന്നുതിനും സാധന ഗൗരവപൂർവ്വം ചെയ്യുന്നതിനുള്ള ത്വരയുണ്ടാക്കുന്നതിനും ഇത് സഹായിക്കുന്നുവെന്ന് അഭ്യാസികൾ അഭിപ്രായപ്പെട്ടു. എല്ലാ അഭ്യാസികളും ഇടക്കിടെ ഇത്തരം ഓർമ്മ പുതുക്കുക്കുവാൻ സഹായിക്കുന്ന പരിപാടികൾ വേണമെന്ന് അഭിപ്രായപ്പെട്ടു.


വത്സാഡ്


ഗുൽബർഗ


ഹായ്പൂർ


മുംബൈ

### വത്സാട്, ഗുജറാത്ത്

വത്സാട് നടന്ന ഈ പരിപാടിയിൽ ബറൂച്ച്, നവസരി, സൂരത്ത്, വാപി, ഖേർഗം, കില്ലപാർഡി, വത്സാഡ് എന്നിവിടങ്ങളിൽ നിന്നായി 24 അഭ്യാസികൾ പങ്കെടുത്തു. ഗുജറാത്തിയിലാണ് പരിപാടി നടത്തിയത്.

### ഗുൽബർഗ, കർണ്ണാടക

ഗുൽബർഗ ആശ്രമത്തിൽ നാൽപത് അഭ്യാസികൾക്കായി നടത്തിയ ഈ പരിപാടി സഹോ. പ്രഹ്ലാദ് പാക്നികറാണ് നടത്തിയത്.

### റായ്ച്ചൂർ, കർണ്ണാടക

2011 ജനുവരി 9 ന് റായ്ച്ചൂർ ആശ്രമത്തിൽ 40 അഭ്യാസികൾക്കായി സഹോ. പ്രഹ്ലാദ് പാക്നിക്കറും സഹോ. നിജലിംഗപ്പയും ഈ പരിപാടി നടത്തി.

### ഘാർഗർ, നവി മുംബൈ

ഒരു അഭ്യാസി സഹോദരിയുടെ വീട്ടിൽ വെച്ച് 15 പേർ പങ്കെടുത്ത ഈ പരിപാടി സഹോ.നന്ദിത നടത്തി

### ജോഗേശ്വരി, മുംബൈ

സഹോ.സുനിത നടത്തിയ പരിപാടിയിൽ 11 അഭ്യാസികൾ പങ്കെടുത്തു.

വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# 2010 പ്രബന്ധരചന പരിപാടിയുടെ സർട്ടിഫിക്കറ്റ് വിതരണം


പരമകുടി



അലഹാബാദ്


നഹർലാഗുൻ

വളർന്നുവരുന്ന തലമുറയുടെ സ്വഭാവ, ധാർമിക മൂല്യാധിഷ്ടതയെക്കുറിച്ച് അവർ തന്നെ സ്വയം ചിന്തിക്കുന്നതിലേക്കും വ്യക്തികളുടെ പരിണാമത്തിലൂടെ പ്രപഞ്ചാധിഷ്ടിതമായ സ്നേഹം, സാഹോദര്യം, മാനവികതയുടെ ഒരുമ മുതലായ സഹജമാർഗ മൂല്യങ്ങൾ അവരുടെ ഹൃദയത്തിൽ പതിയുന്നതിനും എല്ലാ വർഷവും അഖിലേന്ത്യാ തലത്തിൽ പ്രബന്ധ രചന മത്സരം നടത്തിവരുന്നു.

ഈ വർഷം 11500 ലധികം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മുന്നു വിഭാഗങ്ങളിലുമായി 500000 ത്തിൽ അധികം കുട്ടികൾ താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളെക്കുറിച്ച് ഉപന്യാസമെഴുതി.

❖ സ്വഭാവം ജീവിതത്തെ സംരക്ഷിക്കുന്നു

❖ സ്വാതന്ത്ര്യമെന്നാൽ ദുർവിനിയോഗത്തിനുള്ള അനുമതിപത്രമല്ല, അവനവന് ശരിയായത് തിരഞ്ഞെടുക്കുവാനുള്ള വിവേകമാണ്

❖ അഭിലാഷതലത്തിൽ നിന്ന് ഉത്കർഷേച്ഛയിലേക്ക്; നേടുക എന്നതിൽ നിന്ന് പരിണമിക്കുക എന്ന അവസ്ഥയിലേക്ക്

ഉപന്യാസങ്ങൾ പരിശോധിച്ച്, വിദ്യാർഥികളേയും അവരുടെ രക്ഷിതാക്കളേയും അദ്ധ്യാപകരേയും പങ്കെടുപ്പിച്ച്, അതത് കേന്ദ്രങ്ങളിൽ വെച്ച് നടത്തിയ പരിപാടിയിൽ സമ്മാന വിതരണം നടത്തി.

## മദ്ധ്യപ്രദേശ്

പാരിതോഷികത്തിന് അർഹമായ മദ്ധ്യപ്രദേശിലെ എല്ലാ മേഖലയിലെയും വിദ്യാർത്ഥികൾക്കായി ജനുവരി 23 ന് പൊതുപരിപാടി സംഘടിപ്പിച്ചു. സമ്മാനവിതരണത്തിനുശേഷം ജീവിതത്തിൽ മൂല്യങ്ങൾ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. പരിപാടിയുടെ അവസാനം മിഷനെക്കുറിച്ചും ആത്മീയതയെക്കുറിച്ചും ചെറിയ വിവരണം കൊടുക്കുകയും അതിന്റെ ഫലമായി പല വ്യക്തികളും മിഷനിൽ വരുന്നതിന് താൽപര്യം കാണിക്കുകയും ചെയ്തു.

## അരുണാചൽ പ്രദേശ്

അരുണാചൽ പ്രദേശ്, ഷില്ലോങ്ങ്, ഇംഫാൽ, മണിപ്പൂർ മുതലായ വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അൻപത്തിമൂന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി ഏതാണ്ട് 350 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. ജനുവരി 30-ന് നഹർലാഗം ആശ്രമത്തിൽ സംഘടിപ്പിച്ച സമ്മാനവിതരണ പരിപാടിയിൽ ഏകദേശം 150 ഓളം പേർ പങ്കെടുത്തു. മേഖലാതലത്തിലും സ്കൂൾ തലത്തിലും ഉള്ള വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. 2009 ഒക്ടോബർ 16-ന് ദുബായിൽ വെച്ച് യുവാക്കൾക്ക് മാസ്റ്റർ നൽകിയ സന്ദേശത്തിന്റെ വീഡിയോ പ്രദർശിപ്പിച്ചു. മേഖല തല വിജയികളോട് അവരുടെ അനുഭവങ്ങൾ വിവരിക്കുവാൻ അഭ്യർത്ഥിച്ചു.

## തമിഴ്നാട്

ഫെബ്രുവരി 5-ന് ഗൂഡല്ലൂരിലെ സെൻറ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ആദ്യത്തെ പരിപാടി നടത്തി. ഗൂഡല്ലൂർ പോലുള്ള ഒരു ഉൾനാടൻ ഗ്രാമത്തിൽ ഇങ്ങനെയൊരു പരിപാടി സംഘടിപ്പിച്ചതിൽ പങ്കെടുത്തവർ അഭിനന്ദിച്ചു.

6-ന് ഊട്ടി സെൻററിൽ നൂറോളം പേർ പങ്കെടുത്ത പരിപാടി സംഘടിപ്പിച്ചു.രണ്ടു സ്ഥലങ്ങളിലും മേഖലയുടെ ചാർജ്ജുള്ള സഹോ.വിശ്വനാഥയും സഹോ.എം.എം.ധനുമൂർത്തിയും സഹജമാർഗത്തെക്കുറിച്ച് സംസാരിച്ചു. ചില സ്കൂൾ പ്രിസിപ്പാൾമാരും വിജയികളും അവരുടെ അനുഭവങ്ങളും കാഴ്ചപ്പാടും പങ്കുവെച്ചു.

ഫെബ്രുവരി 13-ന് അവിനാശിയിലേയും പൂളിയൻപട്ടിയിലേയും ഇരുപത് സ്കൂളിലെ വിജയികൾക്കുള്ള പരിപാടി അവിനാശി സെൻററിൽ വെച്ച് നടത്തി. ഏകദേശം 60 ഓളം ക്ഷണിക്കപ്പെട്ടവർ ഇതിൽ പങ്കെടുത്തു. ഇത്തരം ഉപന്യാസ രചനാ മത്സരത്തിലൂടെ കുട്ടികളിൽ വളർത്താനുദ്ദേശിക്കുന്ന ഗുണങ്ങൾക്കുവേണ്ടി മിഷൻ നടത്തുന്ന ഉദ്യമത്തെക്കുറിച്ച് സഹോ.ടി.വി. വിശ്വനാഥ സംസാരിച്ചു. ഇന്നത്തെ സമ്മാർദ്ദാത്മകമായ ലോകത്തിൽ ധ്യാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സഹോ.ശേഷ മണികണ്ഠൻ സംസാരിച്ചു.

ഫെബ്രുവരി 6-ന് പരമകുടി സെൻററിൽ പരിപാടി സംഘടിപ്പിച്ചു. ഒൻപത് സ്കൂളുകളിൽ നിന്നും രണ്ട് കോളേജുകളിൽ നിന്നുമായി മത്സരത്തിൽ പങ്കെടുത്ത കുട്ടികളിൽ എല്ലാ കാറ്റഗറിയിൽ നിന്നുമായി 14 കുട്ടികൾ സമ്മാനർഹരായി.

ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിൽ ഇത്തരം ഉപന്യാസ മത്സരത്തിന്റെ പങ്കിനെക്കുറിച്ച് സഹോ.കണ്ണനും സഹോ.മുരുകനും സംസാരിച്ചു. സഹജമാർഗ സാധനകൊണ്ടുള്ള ഭൗതികവും ആത്മീയവുമായ നേട്ടങ്ങളെക്കുറിച്ച് പ്രഭാഷണമുണ്ടായി. സഹജമാർഗ പുസ്തകങ്ങൾ ഇതിൽ പങ്കെടുത്ത അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുകയും അവർ അവരുടെ അഭിപ്രായങ്ങൾ പങ്കു വെക്കുകയും ചെയ്തു.

## ആന്ധ്രപ്രദേശ്

ഫെബ്രുവരി 6-ന് വിദ്യാർത്ഥികളും അവരുടെ അദ്ധ്യാപകരും രക്ഷിതാക്കളും പ്രൊഫസ്സർമാരും വിവിധ കോളേജിലെ ലക്ചർമാരുമായി 500-ൽ അധികം പേർ വിശാഖപട്ടണം സെൻററിൽ വെച്ച് നടത്തിയ പരിപാടിയിൽ പങ്കെടുത്തു. പതിനായിരത്തിലധികം പേർ പങ്കെടുക്കുകയും നൂറ്റിയറുപതിലധികം പേരെ വിജയികളായി പ്രഖ്യാപിക്കുകയും ചെയ്തു.

വിശാഖപട്ടണത്തെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള അദ്ധ്യാപകർ അവിടത്തെ ആശ്രമത്തിൽ ഒത്തുകൂടി. 10000-ത്തോളം പേർ പങ്കെടുത്ത മത്സരത്തിൽ 160 പേരെ വിജയികളായി പ്രഖ്യാപിച്ചു.



ഊട്ടി


അവിനാശി


ഇൻഡോർ

വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക



ടിൻസൂകിയ


നഹദരാബാദ്


ഹാഞ്ചി

സെൻറർ ഇൻ ചാർജ്ജ് സഹോ.ഗോപാൽ റാവുവും സഹോ. വി.ആർ.എസ്.എൻ. ശർമയും, സഹോ.പി.വി.ജി.കെ.മൂർത്തിയും, തദവസരത്തിൽ സംസാരിച്ചു. ആദ്ധ്യാത്മിക ജീവിതത്തിൻെറ പ്രാധാന്യമെന്ത്?, ജനങ്ങളിൽ ആദ്ധ്യാത്മിക ബോധം ജനിപ്പിക്കേണ്ടതിൻെറ ആവശ്യം, സ്വഭാവ രൂപവൽക്കരണം, മാനുഷിക മൂല്യങ്ങൾ, മൂല്യാധിഷ്ടിത വിദ്യാഭ്യാസം എന്നീ കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഈ സോണിൽ നിന്നും 9 വിദ്യാർത്ഥികൾ ദേശീയ തലത്തിൽ സമ്മാനാർഹരായി തിരഞ്ഞെടുക്കപ്പെട്ടു.

സോണൽ ആശ്രമമായ ഹൈദരാബാദിലെ തുംകുണ്ടയിൽ വെച്ച് ഫെബ്രുവരി 6-നാണ് ഈ മത്സരം സംഘടിപ്പിച്ചത്. 250 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നായി 4000 ത്തോളം വിദ്യാർത്ഥികൾ ഈ മത്സരത്തിൽ പങ്കെടുത്തു. സഹോ. മധുമതി സദസ്സിനെ അഭിസംബോധന ചെയ്തു. സഹോ.ആനന്ദ്(സോ.ഇൻ.ചാ.), യു.എന്നിൽ നിന്നും ഡോ. കമൽ രാജ് എന്നിവർ സമ്മാനങ്ങളും സമ്മതി പത്രങ്ങളും വിതരണം ചെയ്തു. സ്കൂൾ തലത്തിലും സോണൽ തലത്തിലും ദേശീയ തലത്തിലും സമ്മാനാർഹരായ വിദ്യാർത്ഥികൾ ഇവിടെ എത്തിയിരുന്നു. ദേശീയ തലത്തിൽ ആദ്യവിഭാഗത്തിൽ ഗീതാഞ്ജലി ദേവാശ്രയ് സ്കൂളിലെ നവനീത് കൃഷ്ണൻ മൂന്നാം സ്ഥാനത്തിനർഹനായി. അതിഥികൾക്ക് സഹജമാർഗത്തെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിനായി ദിവസം മുഴുവൻ ഒരു സ്വാഗത സംഘം പ്രവർത്തിക്കുകയുണ്ടായി.

## റാഞ്ചി

സോണൽ തലത്തിൽ വിജയികളായ മുപ്പതിൽപരം കുട്ടികൾക്ക്, മുഖ്യാതിഥി ഝാർഖണ്ഡ് സെൻട്രൽ സർവ്വകലാശാലയുടെ രജിസ്ട്രാർ ഡോ.ശ്യാം നാരായൺ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. ഉപന്യാസം എഴുതുന്നതിൻെറ പ്രാധാന്യത്തെക്കുറിച്ച് സഹോ. മനോജ് തിവാരി സംസാരിച്ചു. വിവിധ സ്കൂളിൽനിന്നും പങ്കെടുത്ത വിദ്യാർത്ഥികൾ ഈ ഉപന്യാസ മത്സരത്തിൽ തങ്ങൾക്കുണ്ടായ അനുഭവങ്ങളെക്കുറിച്ചും ജീവിതലക്ഷ്യത്തെക്കുറിച്ചും യാത്രയെക്കുറിച്ചും അവർക്കുണ്ടായിരുന്ന ധാരണയിൽ വന്ന മാറ്റത്തെക്കുറിച്ചും മറ്റുള്ളവരുമായി പങ്കു വെച്ചു.

എങ്ങനെയാണ് സ്വഭാവം ജീവിതത്തെ രക്ഷിക്കുന്നതെന്ന് മുഖ്യാതിഥി വിശദീകരിച്ചു. നമ്മുടെ ജീവിതം സാർത്ഥകമാകുന്നതിന് സ്വാതന്ത്ര്യത്തിൻെറ സ്ഥാനമെന്താണെന്നും, അതിൻെറ അർത്ഥമെന്താണെന്നും അദ്ദേഹം വിശകലനം ചെയ്തു. ഒരു വിദ്യാർത്ഥിയുടെ അമ്മ ശ്രീമതി ശശി മിഷൻെറ ഉദ്യമങ്ങളെശ്ലാഘിച്ചു സംസാരിച്ചു. ഒരദ്ധ്യാപകൻ ശ്രീ ആലോക് മിഷന് നന്ദി പ്രകാശിപ്പിച്ചു.

## ആസ്സാം

ഗോഹട്ടിയിൽ നടന്ന ചടങ്ങിൽ വിദ്യാർത്ഥികളും അദ്ധ്യാപകരും രക്ഷിതാക്കളുമായി എൺപത്തിനാലോളം പേർ പങ്കെടുത്തു. ചടങ്ങിൽ മിഷനെക്കുറിച്ച് സെൻറർ ഇൻ ചാർജ്ജ് സഹോ.പരിജിത് ഫുഖൻ വിവരിച്ചു. മനോനിയന്ത്രണത്തെക്കുറിച്ചും ഹൃദയത്തിൻെറ പ്രാധാന്യത്തെക്കുറിച്ചും സഹോ.അശോക് സെൻ ഗുപ്ത സംസാരിച്ചു. വിശ്വ സാഹോദര്യം വളർത്തുന്നതിനുവേണ്ടി എസ്.ആർ.സി.എം.-യു.എൻ. കൈകോർത്തതിനെ അദ്ദേഹം എടുത്തു പറഞ്ഞു. മൂല്യാധിഷ്ടിത വിദ്യാഭ്യാസം എന്താണെന്നും അദ്ദേഹം വിവരിക്കുകയുണ്ടായി. ധ്യാനത്തെക്കുറിച്ചും, ആദ്ധ്യാത്മികതയെക്കുറിച്ചും ആശയവിനിമയം നടത്തുന്നതിന് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും ഇത് പ്രചോദനം നൽകി.

ഭക്ഷണ സമയത്ത് ധാരാളം അന്വേഷണങ്ങൾ അതിഥികളിൽനിന്നും ഉയർന്നത് സീനിയർ അഭ്യാസികളും പ്രിഫക്റ്റുകളും കൈകാര്യം ചെയ്തു.

ടിൻസുകിയയിൽ, വിദ്യാർത്ഥികളും അദ്ധ്യാപകരും പ്രിൻസിപ്പാൾമാരും രക്ഷിതാക്കളുമായി 60 ഓളം പേർ ജനുവരി 2-ന് എത്തിയിരുന്നു. സെൻറർ ഇൻ ചാർജ് സഹോ.കൈലാഷ് അഗർവാളും ഗോഹട്ടി കേന്ദ്രത്തിലെ സഹോ.അശോക് സെൻ ഗുപ്തയും മിഷനെക്കുറിച്ചും, ആഗോളതലത്തിൽ അതിൻെറ പ്രവർത്തനത്തെ കുറിച്ചും വിശദീകരിച്ചു. വിദ്യാർത്ഥിയുടെ ജീവിതത്തിൽ ധ്യാനത്തിന് എത്രത്തോളം പ്രാധാന്യമുണ്ടെന്ന് വി.ബി.എസ്.ഇ.യിലെ ചില പ്രായോഗിക തത്വങ്ങൾ വിശദീകരിച്ചു കൊണ്ട് അദ്ദേഹം എടുത്തു പറഞ്ഞു. ധശ്രാതാക്കളെ ഇത് പ്രചോദനം ചെയ്തു എന്ന് എടുത്തു പറയേണ്ടതാണ്.

## പശ്ചിമ ബംഗാൾ

കൽക്കത്തയിലെ ബാബുജി മെമ്മോറിയൽ ആശ്രമത്തിൽ വെച്ച് ജനുവരി 23-നാണ് ചടങ്ങ് സംഘടിപ്പിച്ചത്. ചടങ്ങിൽ മുഖ്യാതിഥിയായി വിദ്യാഭ്യാസ വിചക്ഷനും മനുഷ്യ സ്നേഹിയുമായ ശ്രീ. മംഗൾ ഷാംഘവിയാണെത്തിയത്. അദ്ദേഹം ഭവാനിപൂർ ഗുജറാത്തി എഡ്യുക്കേഷൻ സൊസൈറ്റിയുടെ പ്രസിഡൻറാണ്. ടൈംസ് ഓഫ് ഇന്ത്യയുടെ ഡപ്യൂട്ടി റസിഡൻറ് എഡിറ്റർ ശ്രീ. കേശവ് പ്രധാനും ചടങ്ങിൽ പങ്കെടുത്തു.

കൽക്കത്തക്കു പുറമെ ഡാർജ്ജിലിംഗിലേയും സിലിഗുരിയിലേയും റാണിഗഞ്ചിലേയും വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ളവർ ഇവിടത്തെ ചടങ്ങിൽ പങ്കെടുത്തു.

ഇതിൽ അമ്പതോളം സമ്മാനാർഹരായ വിദ്യാർത്ഥികളും എൺപതോളം ടീച്ചർമാരും വിദ്യാർത്ഥികളും പങ്കെടുത്തു. ശ്രീ.കേശവ് പ്രധാൻെറ ചിന്തോദ്ദീപകമായ പ്രഭാഷണം സദസ്യർക്ക് വളരെ ആസ്വാദ്യമായിരുന്നു. തുടർന്ന് മിഷൻ-യു.എൻ. ബന്ധത്തെക്കുറിച്ചും അവരുടെ പൊതുവായ ലക്ഷ്യത്തെക്കുറിച്ചും സഹോ. റിഷദ് കോത്താരി വളരെ ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിച്ചു.

ഈ സോണിന് അഭിമാനിക്കാവുന്നതായി പലതുമുണ്ട്. രണ്ട് ദേശീയ പുരസ്കാരങ്ങൾ ഇവിടത്തെ വിദ്യാർത്ഥികൾ നേടിയിട്ടുണ്ട്. ലോറെറ്റൊ ഹൗസിലെ ഹുയ്ഷാ ഗനേരിവാൾ(കാറ്റഗറി 1-ഒന്നാം സ്ഥാനം), ഇപ്സിത ദാസ് ഗുപ്ത (കാറ്റഗറി 2-രണ്ടാം സ്ഥാനം) കൽക്കത്ത കേന്ദ്രത്തിൽനിന്നുള്ളവരാണ്. എല്ലാ വിജയികൾക്കും സർട്ടിഫിക്കറ്റിനു പുറമെ "യൂത്ത്-എ റ്റൈം ഓഫ് പ്രോമിസ് ആൻറ് എഫർട്ട്" എന്ന പുസ്തകവും സമ്മാനിച്ചു.

ആശ്രമത്തിൻെറ ആദ്ധ്യാത്മിക സാന്ദ്രമായ അന്തരീക്ഷത്തിൽ എല്ലാവരും ലയിച്ചിരുന്നു. മിഷനെപ്പറ്റിയും അതിൻെറ പ്രവർത്തങ്ങളെപ്പറ്റിയും അറിയുവാൻ അവർ ഉത്സുകരായിരുന്നു. പലരും പുസ്തകശാലയിലെ പുസ്തകങ്ങൾ മറിച്ചുനോക്കി പരിശീലനത്തെപ്പറ്റി അറിയുവാൻ വ്യഗ്രത കാണിച്ചു.

സമ്മാനദാനം ആ വിദ്യാർത്ഥികളേയും അവരുടെ കുടുംബാംഗങ്ങളേയും അറിയുവാനുള്ള ഒരു എളിയ ശ്രമം മാത്രമായിരുന്നു. സമ്മാനങ്ങൾക്കും അംഗീകാരങ്ങൾക്കുമുപരി എന്തെങ്കിലും മാറ്റങ്ങൾ അവരിലുണ്ടായിട്ടുണ്ടാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അവരുടെ തിളക്കമാർന്ന മുഖം സൂചനയായി എടുക്കാമെങ്കിൽ അവരുടെ ഹൃദയാന്തരാളത്തിൽ ഒരു ചലനമുണ്ടാക്കിയിട്ടുണ്ടെന്ന് വേണം കരുതുവാൻ.

വാല്യം 4 ലക്കം 2 മാർച്ച് 2011
ശ്രീ രാം ചന്ദ്ര മിഷൻ®
എക്കോസ് ഇന്ത്യ വാർത്താപത്രിക

# പ്രകാശകേന്ദ്രം

## ജയ്പൂർ സോണൽ ആശ്രമം





ചരിത്രമുറങ്ങുന്ന രാജസ്ഥാൻെറ തലസ്ഥാനമായ ജയ്പൂരിലാണ് രാജസ്ഥാൻെറ സോണൽ ആശ്രമം. വിമാനത്താവളത്തിൽനിന്നും 23 കി.മി. ദൂരത്ത് ജയ്പൂർ-അജ്മീർ ഹൈവേയിൽ സിറ്റിയിൽനിന്നും 19 കി.മി. ദൂരെയായി ഈ അശ്രമം സ്ഥിതി ചെയ്യുന്നു. പത്ത് ഏക്കറിലായി പരന്നു കിടക്കുന്ന ഈ ഭൂമി ആഗസ്റ്റ് 2002 ലാണ് മിഷൻ സ്വന്തമാക്കിയത്. സമീപത്തുതന്നെ “മാസ്റ്റർ ക്രിയേഷൻ” എന്ന അഭ്യാസി കോളനിയും ഉണ്ട്. ഇതിൻെറ വിസ്തൃതി 21 ഏക്രയാണ്.



മുളകൊണ്ട് നിർമ്മിച്ച ഒരു ധ്യാന മണ്ഡപവും, അടുക്കളയും, മാസ്റ്റർ കോട്ടേജും, ആഫീസും 2002 ൽ മാസ്റ്റർ സന്ദർശിച്ചപ്പോൾ ഉണ്ടായിരുന്നു. പിന്നീടുള്ള മാസ്റ്ററുടെ സന്ദർശന വേളയിൽ ആശ്രമനിർമ്മാണത്തിനും അഭ്യാസി കോളനിയുടേയും പദ്ധതികൾക്ക് രൂപകൽപന നൽകി. മാസ്റ്ററുടെ നിർദ്ദേശാനുസരണം രാജസ്ഥാനി സമ്പ്രദായത്തിലാണ് ഇതിൻെറ രൂപകൽപന.

2009 മെയ് 17 ന് മാസ്റ്റർ ശിലാസ്ഥാപനം നിർവ്വഹിച്ചതിനുശേഷം വെറും 15 മാസങ്ങൾകൊണ്ട് ആശ്രമ നിർമ്മാണം അതിൻെറ പരിസമാപ്തിയിലെത്തി. അഭ്യാസികളുടെ നിസ്തുലസഹകരണം ഇതിനുണ്ടായി എന്നത് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. 2010 ജൂലായ് 30-നാണ് മാസ്റ്റർ ഈ സോണൽ ആശ്രമം അദ്ദേഹത്തിൻെറ മാസ്റ്റർ പൂജ്യ ബാബുജി മഹരാജിന് സമർപ്പിച്ചത്. ഇതിന് സാക്ഷ്യം വഹിക്കാൻ രാജസ്ഥാനിലേയും സമീപ പ്രദേശങ്ങളിലേയും അഭ്യാസികൾ എത്തിയിരുന്നു. അടുത്ത ദിവസത്തെ പ്രഭാഷണത്തിൽ അദ്ദേഹം, രാജസ്ഥാൻ തൻെറ പ്രിയപ്പെട്ട സ്ഥലങ്ങളിൽ ഒന്നാണെന്ന് എടുത്തു പറയുകയുണ്ടായി. സമർപ്പണത്തോടൊപ്പം പ്രകൃതിയുടെ എല്ലാ അനുഗ്രഹങ്ങളും നമുക്ക് ലഭിക്കുമെന്ന രഹസ്യം അദ്ദേഹം ഉദ്ബോധിപ്പിച്ചു.



10,000 ച.അടിയാണ് ആശ്രമത്തിൻെറ വിസ്തീർണ്ണം. മാസ്റ്ററുടെ ആഫീസാകട്ടെ 6300 ചതുരശ്ര അടിയും. ഡോർമിറ്ററിയിൽ 300 അഭ്യാസികൾക്ക് താമസിക്കുവാൻ സൗകര്യമുണ്ട്. ആശ്രമത്തിൻെറ ബേസ്മെൻറിലാണ് ആഫീസ് സ്ഥിതി ചെയ്യുന്നത്. ആശ്രമത്തിന് ചാരുത പകരുന്നതിനായി ചുറ്റും പല തരത്തിലുള്ള വൃക്ഷങ്ങളും ചെടികളും നട്ടു വളർത്തിയിട്ടുണ്ട്.



ദിവ്യവും സമാധാനം നിറഞ്ഞതുമായ ആശ്രമാന്തരീക്ഷം അഭ്യാസികളുടെ പ്രവർത്തനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. വിവിധ പരിശീലന പരിപാടികളും, വി.ബി.എസ്.ഇ., ഉപന്യാസ മത്സരം, കുട്ടികളുടേയും യുവാക്കളുടേയും പരിപാടികൾ, പൊതുയോഗങ്ങൾ, ഗ്രൂപ്പ് ചർച്ചകൾ എന്നിവ വർഷം മുഴുവൻ നടത്തിക്കൊണ്ടു പോരുന്നു.

മാസ്റ്ററുടെ അനുഗ്രഹം കൊണ്ടു മാത്രമാണ് ‘പ്രകാശ കേന്ദ്രം’ അഭ്യാസികൾക്ക് പ്രവർത്തിക്കാനുള്ള അവസരം നൽകുകയും, തദ്വാരാ അദ്ദേഹം ഇച്ഛിക്കുന്ന രീതിയിൽ വളരുവാൻ സാധിക്കുകയും ചെയ്യുന്നത്.






**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india For feedback, suggestions and news articles please send email to in.newsletter@srcm.org**
© 2011 Shri Ram Chandra Mission ("SRCM"). All rights reserved. “Shri Ram Chandra Mission", "Sahaj Marg", “SRCM”, “Constant Remembrance” and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.